# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി

**06.12.2008–ന് രാവിലെ 9.00 മണിക്ക് കൂടുന്ന യോഗത്തിന്റെ അജണ്ട.**

## 1. പൊതുവിഷയങ്ങൾ

**1.1** 2008–09 വാർഷിക പദ്ധതി അംഗീകാരം – അവലോകനം

(1) വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റെല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2008–09 വാർഷിക പദ്ധതിക്ക് ഇതിനോടകം അംഗീകാരം നേടിയിട്ടുണ്ട്.

(2) ടി.എ.ജി.ക്ക് പദ്ധതി സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 25–ഉം അംഗീകാരം നേടേണ്ട അവസാന തീയതി ഡിസംബർ 1–ഉം ആയിരുന്നു. ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ പദ്ധതിക്ക് ഡിസംബർ 4–നാണ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയത്. എന്നാൽ നവംബർ 25–നകം തന്നെ പദ്ധതി ടി.എ.ജി.ക്ക് നൽകിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച അവസാന തീയതിക്കുശേഷം അംഗീകാരം നേടിയ നടപടിക്ക് സാധൂകരണം നൽകേണ്ടതുണ്ടോ എന്ന് ചർച്ചചെയ്ത് തീരുമാനിക്കാവുന്നതാണ്.

(3) നടപടി ഉത്തരവ് നൽകൽ: 1222 തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ അംഗീകരിക്കപ്പെട്ടതിൽ 1187 നടപടി ഉത്തരവുകൾ തയ്യാറാക്കുകയും 1181 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനകം ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

**1.2** ട്രഷറിയിൽനിന്നും പണം പിൻവലിക്കുവാൻ നടപടി ഉത്തരവ് നിർബന്ധമാക്കുന്നതിന് 29.10.2008–ന് കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചിരുന്നുവെങ്കിലും ഇതുവരെയും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. വിഷയം ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**1.3** ജില്ലാ പഞ്ചായത്തുകളുടേയും കോർപ്പറേഷനുകളുടേയും പദ്ധതികൾ സംസ്ഥാന തല ടെക്നിക്കൽ ഗ്രൂപ്പ് പരിശോധിച്ചാണ് ജില്ലാ ആസൂത്രണ സമിതികൾക്ക് ശുപാർശ നൽകിയിട്ടുള്ളത്. ജില്ലാതല ടി.എ.ജി.കൾ പ്രോജക്ട് ക്ലിനിക് മാത്രമെ നടത്തിയിട്ടുള്ളൂ. തർക്കപ്രോജക്ടുകളുടെ ന്യൂനതകൾ പരിഹരിച്ച് പുന:സമർപ്പിക്കുന്ന സാഹചര്യത്തിലും ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോഴും സംസ്ഥാന തല ടെക്നിക്കൽ ഗ്രൂപ്പ് തന്നെ പരിശോധിക്കേണ്ടതുണ്ടോ അതോ ഭേദഗതി നിർദ്ദേശങ്ങളുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ടി.എ.ജി. തലത്തിൽ പരിശോധിച്ച് ശുപാർശ നൽകാൻ കഴിയുന്നവ, സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പ് പരിശോധിക്കേണ്ടവ എന്നിങ്ങനെ വേർതിരിച്ച് നടപടിക്രമങ്ങൾ നിശ്ചയിക്കേണ്ടതുണ്ടോയെന്ന് ചർച്ചചെയ്ത് തീരുമാനിക്കാവുന്നതാണ്.

1.4 2007–08 വാർഷിക പദ്ധതി ചെലവുകണക്കുകൾ 2008 മേയ് 31–നകം സമർപ്പിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജൂൺ 1 മുതൽ വികസന/മെയിന്റനൻസ് ഫണ്ടുകൾ അനുവദിക്കേണ്ടതില്ലെന്ന് 27.05.2008–ന് കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ചെലവ് കണക്കുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ കൺട്രോളിംഗ് ഓഫീസർമാരെ അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം തുക അനുവദിക്കുമെന്നാണ് ഉത്തരവായിരുന്നത്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ റിപ്പോർട്ട് ലഭിക്കാത്ത ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും ജൂലൈ മാസം മുതൽ തുക (മൂന്നാം ഗഡു) അനുവദിച്ചില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുകയാണുണ്ടായത്. എന്നാൽ ജില്ലാ പഞ്ചായത്തുകളുടേയും കോർപ്പറേഷനുകളുടേയും അഭ്യർത്ഥനയെത്തുടർന്ന് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ റിപ്പോർട്ട് ലഭിക്കാത്തവർക്ക് കൂടി മൂന്നുമുതൽ ആറുവരെയുള്ള ഗഡുക്കൾ (withheld) അനുവദിക്കുകയുണ്ടായി. ഇപ്പോൾ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ചെലവ് കണക്കുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2007–08 വാർഷിക പദ്ധതി ചെലവ് കണക്കുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും കൂടി തടഞ്ഞുവച്ച വിഹിതം (withheld) അനുവദിച്ച നടപടിക്ക് സാധൂകരണം നൽകാമോയെന്ന് ചർച്ചചെയ്ത് തീരുമാനിക്കാവുന്നതാണ്.

1.5 ഓരോ വർഷവും ജനുവരി/ഫെബ്രുവരി മാസങ്ങളിലാണ് സാധാരണ വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകാറുള്ളത്. എന്നാൽ ഇപ്രകാരം പൊതുവായ അനുമതി നൽകുന്നതിനു മുൻപും അതിനുശേഷവും വാർഷിക പദ്ധതിയിൽ ഭേദഗതി അനിവാര്യമാകുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. മുൻവർഷങ്ങളിൽ ഇത്തരം ഭേദഗതികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ടായിരുന്നില്ല. അതുകാരണം എല്ലാ തരത്തിലുള്ള ഭേദഗതികളും ഏത് സമയത്തും തദ്ദേശഭരണ സ്ഥാപനങ്ങൾ വരുത്തിയിരുന്നു.

മുൻ വർഷങ്ങളിൽ ഭേദഗതിയുടെ വിവരങ്ങൾ പൂർണമായും കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മുഖേന ശേഖരിക്കുന്നതിന് കഴിഞ്ഞിരുന്നില്ല. വിഭവസ്രോതസുകളുടെ ഭേദഗതി മാത്രമെ ഇപ്രകാരം ശേഖരിച്ചിരുന്നുള്ളൂ. ഭേദഗതി സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിൽ മാത്രമെ അവ കമ്പ്യൂട്ടർ ആപ്ലിക്കേഷനിലൂടെ ശേഖരിക്കാൻ കഴിയുകയുള്ളൂ. അനിവാര്യമായ ഭേദഗതികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിക്കാവുന്നതാണ്.

**(എ) വാർഷിക പദ്ധതി ഭേദഗതി ചെയ്യാവുന്ന സാഹചര്യങ്ങൾ**

(1) പ്രോജക്ടിന് വകയിരുത്തിയ തുകയിൽ കൂടുതൽ സാങ്കേതികാനുമതി ലഭിക്കൽ

(2) സർക്കാർ നിർദ്ദേശ പ്രകാരം അനിവാര്യമാകുന്ന ഭേദഗതികൾ (ഇ.എം.എസ് ഭവന പരിപാടിക്ക് അധിക തുക വകയിരുത്തൽ; ടെണ്ടർ എക്സസ്; സിമെന്റ്, കമ്പി, ടാർ എന്നിവയ്ക്ക് അധികനിരക്ക് അനുവദിക്കൽ മുതലായവ-അതത് കാലങ്ങളിൽ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി).

(3) സബ്സിഡി മാനദണ്ഡങ്ങൾ സർക്കാർ പുതുക്കി നിശ്ചയിക്കുന്നത് പ്രകാരം അനിവാര്യമാകുന്ന ഭേദഗതികൾ. (ഉദാ: ആശ്രയ പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണ പ്രോജക്ടിന്റെ സബ്സിഡി തുക വർദ്ധിപ്പിക്കൽ)

(4) ആർ.ഐ.ഡി.എഫ് പ്രവൃത്തിക്ക് മുൻകൂർ പണം അനുവദിച്ചു നൽകൽ, നിർത്തലാക്കിയ എസ്.ജി.ആർ.വൈ പദ്ധതിക്ക് ബാക്കി നൽകാനുള്ള കുടിശ്ശിക അനുവദിച്ചു നൽകൽ മുതലായവ (അവയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി.)

(5) ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ച പ്രോജക്ടിന് സർക്കാർ അനുമതി ലഭിക്കൽ.

(6) സർക്കാർ നിർദ്ദേശപ്രകാരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കൽ.

(7) പ്രോജക്ടിന്റെ നിർവഹണം പൂർത്തിയായതിനുശേഷം മിച്ചം വരുന്ന തുക, ടെണ്ടർ സേവിംഗ്സ് എന്നിവ വിനിയോഗിച്ച് പകരം പ്രോജക്ടുകൾ ഏറ്റെടുക്കൽ.

(8) പ്രത്യേക കാരണങ്ങളാൽ തനത് വരുമാനം വർദ്ധിക്കുകയാണെങ്കിൽ പ്രസ്തുത ഫണ്ട് വിനിയോഗിച്ച് പ്രോക്ടുകളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുകയോ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ ചെയ്യുക.

(9) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഒരു പ്രോജക്ട് മറ്റേതെങ്കിലും പരിപാടി പ്രകാരമോ (ഉദാ: എം.പി.യുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ. യുടെ പ്രത്യേക വികസന ഫണ്ട്, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, വെള്ളപ്പൊക്കം, വരൾച്ചാ ദുരിതാശ്വാസം, കേന്ദ്ര/സംസ്ഥാന പദ്ധതികൾ മുതലായവ) മറ്റൊരു തലത്തിലെ തദ്ദേശഭരണ സ്ഥാപനമോ നടപ്പാക്കുന്നുവെങ്കിൽ പകരം പ്രോജക്ട് ഏറ്റെടുക്കൽ

(10) കേന്ദ്ര/സംസ്ഥാന പരിപാടികൾ, നബാർഡ്-ആർ.ഐ.ഡി.എഫ് മുതലായവ പ്രകാരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കൽ

(11) അംഗീകരിക്കപ്പെട്ട കുടിവെള്ള പ്രോജക്ടിന് സാധ്യതാ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെങ്കിലോ മാർഗനിർദേശങ്ങൾ പ്രകാരം ഏറ്റെടുക്കാൻ പാടില്ലാത്ത പ്രോജക്ടാണെന്ന് പിന്നീട് കണ്ടെത്തുകയാണെങ്കിലോ പകരം പ്രോജക്ട് ഏറ്റെടുക്കൽ

**(ബി) അംഗീകാരം നേടേണ്ട രീതി**

(i) *ഇനം (1) മുതൽ (4) വരെയുള്ള കാരണങ്ങളാൽ അംഗീകരിക്കപ്പെട്ട പ്രോജക്ടുകളിൽ ഭേദഗതി വരുത്തൽ:*

*(a)* ആവശ്യമായ അധിക തുക തദ്ദേശഭരണ സ്ഥാപന തീരുമാനപ്രകാരം കണ്ടെത്തണം. അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ/പ്രോജക്ടുകളുടെ വിഹിതം കുറവ് ചെയ്തോ പ്രോജക്ടുകൾ ഉപേക്ഷിച്ചോ കൂടുതൽ വിഹിതം ആവശ്യമായ പ്രോജക്ടിന് വകയിരുത്തണം.

*(b)* തനത് ഫണ്ട് ലഭ്യമാണെങ്കിൽ ആ ഇനത്തിലെ തുകയും വകയിരുത്താം. എന്നാൽ വാർഷിക പദ്ധതി അന്തിമമാക്കിയ സമയത്ത് പ്രതീക്ഷിക്കാത്ത അധിക വരുമാനമാണ് ഇപ്പോൾ പദ്ധതിക്ക് ലഭ്യമാക്കുന്നതെന്നുള്ള സെക്രട്ടറിയുടെ സാക്ഷ്യപത്രം ഭേദഗതിയോടൊപ്പം സമർപ്പിക്കണം. ആ സാക്ഷ്യപത്രത്തിൽ പദ്ധതിക്ക് അധിക തുക ലഭ്യമാകാനിടയായ കാരണങ്ങളും വ്യക്തമാക്കണം.

*(c)* മുകളിൽ സൂചിപ്പിച്ച രണ്ട് മാർഗ്ഗങ്ങളിലുടെയും അധിക തുക കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ മാത്രം ഏകവർഷ പ്രോജക്ടുകൾ ദ്വിവർഷ പ്രോജക്ടുകളായി മാറ്റി വിഹിതം കണ്ടെത്താം. എന്നാൽ മുൻവർഷങ്ങളിലെ സ്പിൽഓവർ പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടുകളായി മാറ്റാൻ പാടില്ല.

*(d)* ഒരു പ്രോജക്ടിന്റ വിഹിതം കുറവ് ചെയ്താണ് മറ്റൊരു പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതെങ്കിൽ വിഹിതം കുറവ് ചെയ്യുന്ന പ്രോജക്ടും വിഹിതം വർദ്ധിപ്പിക്കുന്ന പ്രോജക്ടും ഭേദഗതി ചെയ്യണം. വിഹിതം കുറവ് ചെയ്യുന്ന പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം അതുവരെയുള്ള ചെലവ് പ്രത്യേകം പരിശോധിച്ച് ഉറപ്പു വരുത്തിയതിനു ശേഷം അതിന് അനുസൃതമായി മാത്രമേ ഭേദഗതി വരുത്താൻ പാടുള്ളൂ. വിഹിതം കുറവ് ചെയ്യുന്നതിന് അനുസൃതമായി പ്രോജക്ട് പ്രവർത്തനങ്ങളിലും ഘടകങ്ങളിലും മാറ്റം വരുത്തണം.

*(e)* ഒരു പ്രോജക്ട് ഭേദഗതി ചെയ്യുകയാണെങ്കിൽ പുതിയ പ്രോജക്ട് ഫോറത്തിൽ ഭേദഗതി വരുത്തുന്ന ഇനങ്ങൾ മാത്രം എഴുതി തയ്യാറാക്കി കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡാറ്റാഎൻട്രി ചെയ്ത് ഭേദഗതി ബാധകമായ ഭാഗങ്ങളുടെ മാത്രം പ്രിന്റ് എടുത്ത് (ഇതിനുള്ള സൗകര്യം ആപ്ലിക്കേഷനിൽ ഉണ്ടാകും) ഒറിജിനൽ പ്രോജക്ടിനോടൊപ്പം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം. ഒരു പ്രോജക്ട് ഭേദഗതി ചെയ്യുന്നതിന്റെ ഭാഗമായി ആ പ്രോജക്ടിലെ ഏതൊക്കെ ഇനങ്ങളിലാണോ ഭേദഗതി അനിവാര്യമാകുന്നത് അവയെല്ലാം ഭേദഗതി ചെയ്യണം.

*(f)* അംഗീകാരം ലഭിച്ച പ്രോജക്ടുകളിലെ ഡാറ്റാഎൻട്രി പിശകുകൾ, നിർവഹണ രീതിയിലുള്ള മാറ്റം (ഉദാ: ടെണ്ടർ മുഖേന നിർവഹണം നടത്തുവാൻ ഉദ്ദേശിച്ചിരുന്ന ഒരു പ്രോജക്ട് ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുക) എന്നിങ്ങനെയുള്ള തിരുത്തലുകളും മുകളിൽ വിവരിച്ച നടപടിക്രമങ്ങൾ പാലിച്ച് ചെയ്യാവുന്നതാണ്. ഇവയ്ക്ക് ടി.എ.ജി. പരിശോധന ആവശ്യമില്ല.

(ii) *ഇനം 5 : ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ച പ്രോജക്ടിന് സർക്കാർ അനുമതി ലഭിക്കൽ*

അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ/കത്തിന്റെ കോപ്പി ഉൾപ്പെടെ നടപടി ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നേരിട്ട് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാം.

*(iii) ഇനം (6) മുതൽ (11) വരെയുള്ള കാരണങ്ങളാൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കൽ*

*(a)* പുതിയ പ്രേജക്ട് തയ്യാറാക്കി ടി.എ.ജി.യുടെ പരിശോധനയ്ക്ക് വിധേയമാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണം.

*(b)* സർക്കാർ നിർദ്ദേശ പ്രകാരമാണ് പുതിയ പ്രോജക്ട് ഏറ്റെടുക്കുന്നതെങ്കിൽ അംഗീകരിക്കപ്പെട്ട പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള രീതിയിൽ അധിക തുക കണ്ടെത്തി പുതിയ പ്രോജക്ട് തയ്യാറാക്കണം.

*(c)* മിച്ചം തുക ടെണ്ടർ സേവിംഗ്സ്, അധിക തനതുവരുമാനം എന്നീ കാരണങ്ങളാൽ ലഭ്യമാകുന്ന തുക നിലവിലുള്ള പ്രോജക്ടിന്റെ അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനാണ് ഉപയോഗിക്കുന്ന തെങ്കിൽ പ്രോജക്ട് ഭേദഗതി ചെയ്യുന്നതിന് മുൻ ഖണ്ഡികകളിൽ വിവരിച്ച നടപടിക്രമങ്ങൾ പാലിച്ച് ഭേദഗതി വരുത്തണം.

*(d)* പദ്ധതിയിൽ ഉൾപ്പെടുത്തിയ ഒരു പ്രോജക്ട് മറ്റേതെങ്കിലും പരിപാടി പ്രകാരം നടപ്പാക്കുന്നതു കാരണം പുതിയ പ്രോജക്ട് ഏറ്റെടുക്കുകയാണെങ്കിൽ ആ പരിപാടി പ്രകാരം പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിന്റെ കോപ്പി കൂടി പുതിയ പ്രോജക്ടിനോടൊപ്പം സമർപ്പിക്കണം. ഉദാഹരണത്തിന് എം.പി.യുടെ പ്രാദേശിക വികസന പരിപാടി പ്രകാരം പ്രോജക്ട് നടപ്പാക്കുകയാണെങ്കിൽ ആ പരിപാടി പ്രകാരം ഭരണാനുമതി നൽകിക്കൊണ്ടുള്ള നടപടി ഉത്തരവിന്റെ കോപ്പി സമർപ്പി ക്കണം.

*(e)* കേന്ദ്ര/സംസ്ഥാന പരിപാടികൾ പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം കൂടി ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ മുകളിൽ സൂചിപ്പിച്ചതു പ്രകാരം വാർഷിക പദ്ധതി ഭേദഗതി ചെയ്ത് അധിക തുക കണ്ടെത്തണം. നബാർഡ്–ആർ.ഐ.ഡി.എഫ്. പ്രോജക്ടുകളുടെ

തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം (matching share) പ്രോജക്ട് അംഗീകാരത്തിനായി സമർപ്പിക്കുന്ന വർഷം തന്നെ വകയിരുത്തണമെന്നില്ല. നബാർഡ് അംഗീകാരം ലഭിച്ചതിനുശേഷം പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി തുക വിനിയോഗിക്കുന്നതിന് അനുസൃതമായി വിഹിതം വകയിരുത്തിയാൽ മതിയാകും.

*(f)* അംഗീകരിക്കപ്പെട്ട കുടിവെള്ള പ്രോജക്ടിന് സാധ്യതാ സർട്ടിഫിക്കറ്റ് ലഭിക്കാത്തത് കാരണം (ഇനം-11) പുതിയ പ്രോജക്ട് ഏറ്റെടുക്കുക യാണെങ്കിൽ ആദ്യ പ്രോജക്ട് ഫീസിബിൾ അല്ലായെന്ന് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട സ്ഥാപനം/ഏജൻസി നൽകിയ സർട്ടിഫിക്കറ്റിന്റെ കോപ്പി/ഏത് ഉത്തരവ് പ്രകാരമാണ് അനുവദനീയമല്ലാത്തത് എന്ന വിവരം പുതിയ പ്രോജക്ടിനോടൊപ്പം സമർപ്പിക്കണം.

**(സി) ടി.എ.ജി. പരിശോധന**

(a) പ്രോജക്ട് പ്രവർത്തനങ്ങളിലോ ഘടകങ്ങളിലോ മാറ്റമില്ലാത്ത ഭേദഗതികൾക്ക് (ഉദാ: സിമെന്റ്, ടാർ എന്നിവയ്ക്ക് അധിക തുക നൽകൽ, വകയിരുത്തി യതിൽ കൂടുതൽ സാങ്കേതികാനുമതി ലഭിക്കൽ മുതലായവ) ടി.എ.ജി. പരിശോധന നിർബന്ധമില്ല. ജില്ലാ പ്ലാനിംഗ് ഓഫീസ് തലത്തിലെ മാത്രം പരിശോധന മതിയാകും. എന്നാൽ പ്രോജക്ട് പ്രവർത്തനങ്ങളിലും ഘടകങ്ങളിലും ഭേദഗതി വരുത്തുന്ന (ഉദാ: ഗുണഭോക്താക്കളുടെ എണ്ണം കുറയ്ക്കുക, വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന ഒരു പ്രോജക്ടിന്റെ ഒന്നോ രണ്ടോ ഘടകങ്ങൾ ഒഴിവാക്കുക മുതലായ) പ്രോജക്ടുകൾ ടി.എ.ജി. യുടെപരിശോധനയ്ക്ക് വിധേയമാക്കണം.

(b) സർക്കാർ നിർദ്ദേശപ്രകാരം ഏതെങ്കിലും ഏജൻസിക്ക്/സ്ഥാപനത്തിന് വിഹിതം നൽകുന്നതിനുവേണ്ടിയാണ് പുതിയ പ്രോജക്ട് ഏറ്റെടുക്കുന്ന തെങ്കിൽ പ്രസ്തുത പ്രോജക്ടിനും ടി.എ.ജി. പരിശോധന നിർബന്ധമില്ല. ഇവയൊഴികെ സർക്കാർ നിർദേശപ്രകാരം ഏറ്റെടുക്കുന്നതിൽ ടി.എ.ജി. പരിശോധന ആവശ്യമില്ലെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടില്ലാത്ത സംഗതികളിൽ ടി.എ.ജി.യുടെ പരിശോധനയ്ക്ക് വിധേയമാക്കണം.

**(ഡി) നടപടി ഉത്തരവ് നൽകൽ**

(a) തദ്ദേശഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾ പരിഗണിച്ച് തീരുമാനമെടുക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതികൾ ആവശ്യാനുസരണം യോഗം ചേരണം.

(b) ടി.എ.ജി പരിശോധന ആവശ്യമില്ലാത്ത ഭേദഗതി നിർദ്ദേശങ്ങളെ സംബന്ധിച്ചി ടത്തോളം നടപടി ഉത്തരവ് നൽകുന്നതിന് മുൻപ് ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണമെന്നില്ല. അത്തരം

ഭേദഗതികൾ ജില്ലാ പ്ലാനിംഗ് ഓഫീസ് തലത്തിൽ പരിശോധിച്ചതിനുശേഷം ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സന്റെയും മെമ്പർ സെക്രട്ടറിയുടെയും അംഗീകാരത്തോടെ നടപടി ഉത്തരവ് നൽകാവുന്നതാണ്. എന്നാൽ നടപടി ഉത്തരവ് നൽകിയതിനുശേഷം ഏറ്റവും ആദ്യം കൂടുന്ന യോഗത്തിൽ ഇത്തരം ഭേദഗതികളുടെ സംക്ഷിപ്തം റിപ്പോർട്ട് ചെയ്യണം.

(c) ഓരോ ഭേദഗതിയും അംഗീകരിച്ചുകൊണ്ടുള്ള നടപടി ഉത്തരവിൽ അത് എത്രാമത്തെ ഭേദഗതിയാണെന്ന് ഓരോ പേജിലും രേഖപ്പെടുത്തുന്നതാണ്. നടപടിഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ ഉത്തരവ് അംഗീകരിച്ചു കൊണ്ടുള്ള തീയതിക്കുശേഷം 20 ദിവസങ്ങൾക്കകം ട്രഷറിക്ക് കോപ്പി ലഭിച്ചിരിക്കണം. അത് കഴിഞ്ഞ് ലഭിക്കുന്ന ഉത്തരവിന് സാധുത ഉണ്ടായിരിക്കുന്നതല്ല. ആ സാഹചര്യത്തിൽ ഉത്തരവ് പുതുക്കി നൽകാൻ ജില്ലാ ആസൂത്രണസമിതികളോട് ട്രഷറികൾക്ക് ആവശ്യപ്പെടാവുന്നതാണ്.

**(ഇ) മറ്റുള്ള നിർദ്ദേശങ്ങൾ**

(i) മുകളിൽ സൂചിപ്പിച്ചവ ഒഴികെയുള്ള ഭേദഗതികൾ അനുവദനീയമല്ല.

(ii) ഈ മാർഗനിർദ്ദേശങ്ങൾ പ്രകാരം അധിക തുക കണ്ടെത്തുന്നതിന് വേണ്ടി മാത്രമേ ഏകവർഷ പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടുകളാക്കി മാറ്റാൻ പാടുള്ളൂ.

(iii) അധിക തുക കണ്ടെത്തുന്നതിന് ഏകവർഷ പ്രോജക്ടുകൾ ദ്വിവർഷ പ്രോജക്ടുകളാക്കി മാറ്റുകയും അതോടൊപ്പം തനത് ഫണ്ട്/മിച്ചം തുക/ ടെണ്ടർ സേവിംഗ്സ് വിനിയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതോ ആയ ഭേദഗതി നിർദ്ദേശങ്ങൾ അനുവദനീയമല്ല.

(iv) പ്രോജക്ടിന്റെ അടങ്കൽ തുകയിൽ കുറവ് വരുത്തുന്നതിന് അനുസൃതമായി പ്രവർത്തനങ്ങളും ഘടകങ്ങളും മാർഗനിർദ്ദേശ പ്രകാരം ഭേദഗതി ചെയ്യാതെ വിഹിതം മാത്രം വകമാറ്റി മറ്റൊരു പ്രോജക്ടിൽ കൂട്ടിചേർക്കുന്നത് അനുവദനീയമല്ല.

(v) ഒരു പ്രോജക്ടിന് വിവിധ സ്രോതസുകളിൽ വകയിരുത്തിയിട്ടുള്ള വിഹിതം പരസ്പരം മാറ്റുന്ന തരത്തിലുള്ള ഭേദഗതികളും അനുവദനീയമല്ല. (ഉദാ: തനത് ഫണ്ടിന്/ഗുണഭോക്തൃ വിഹിതത്തിനു പകരം വികസന/മെയിന്റനൻസ് ഫണ്ടുകൾ)

(vi) ഭേദഗതി നിർദ്ദേശങ്ങളോടൊപ്പം ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് കൂടി സമർപ്പിക്കണം.

(vii) മുൻവർഷങ്ങളിലെ ന്യൂനതയുടെ പരിഹാരം, മേഖലാതല പരിധികൾ, പ്രത്യേക പദ്ധതികളുടെ വകയിരുത്തൽ എന്നിവയെ സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രമേ ഭേദഗതി വരുത്താൻ പാടുള്ളൂ. അനുബന്ധം-5 പ്രകാരമുള്ള പരിധികൾക്ക് അനുസൃതമാണോ ഭേദഗതിയെന്ന്

ഇലക്ട്രോണിക് പരിശോധന നടത്തുന്നതിനുള്ള സംവിധാനം കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഉണ്ടായിരിക്കും. ഓരോ ഭേദഗതി നിർദ്ദേശങ്ങളോടുമൊപ്പം വാലിഡേഷൻ റിപ്പോർട്ടിന്റെ കോപ്പി കൂടി സമർപ്പിക്കണം.

(viii) തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇത്തരം ഭേദഗതികൾ അവ അനിവാര്യമാകുന്ന സന്ദർഭത്തിൽ ചെയ്യാവുന്നതാണ്. എന്നാൽ ഒരിക്കൽ ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിച്ചാൽ അവ അംഗീകരിച്ചുകൊണ്ടുള്ള നടപടി ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം അതിന്റെ ഡേറ്റാബേസ് പകർത്തി തദ്ദേശഭരണ സ്ഥാപനത്തിലെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്താൽ മാത്രമേ അടുത്ത ഭേദഗതി സമർപ്പിക്കാൻ കഴിയുകയുള്ളൂ. ഈ പ്രക്രിയയ്ക്ക് കാലതാമസമുണ്ടായേക്കാം. അതിനാൽ ഒരു വാർഷിക പദ്ധതിയിൽ മൂന്ന് ഭേദഗതികളിൽ അധികമാകാതിരിക്കാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കണം.

(ix) തദ്ദേശഭരണസ്ഥാപനം, ടി.എ.ജി, ജില്ലാ ആസൂത്രണസമിതി എന്നീ തലങ്ങളിൽ ഡാറ്റാ എൻട്രി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ, ജില്ലാ പ്ലാനിംഗ് ഓഫീസിൽ ഭേദഗതി നിർദ്ദേശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്ന ഉദ്യോഗസ്ഥന്റെ പേരുവിവരം, ജില്ലാ ആസൂത്രണസമിതി തീരുമാനങ്ങളുടെ വിവരങ്ങൾ എന്നിവ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നതാണ്. ഓരോ മാസത്തെയും ഭേദഗതിയുടെ വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ തദ്ദേശഭരണസ്ഥാപനാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ഗവൺമെന്റിന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

**1.6** *2008–09 വാർഷിക പദ്ധതി ഭേദഗതി നിർദ്ദേശങ്ങളുടെ ഡാറ്റാ എൻട്രി*

ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ്/ജില്ലാ ആസൂത്രണ സമിതി പ്രോജക്ടുകളിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കാൻ അവശേഷിക്കുന്നുണ്ട്. അതുപോലെ പ്രോജക്ടിന് അനുമതി ലഭിച്ച തുകയിൽ കൂടുതൽ സാങ്കേതികാനുമതി ലഭിക്കൽ, സിമെന്റ്, ടാർ, കമ്പി എന്നിവയ്ക്ക് അധികനിരക്ക് അനുവദിക്കൽ, അനിവാര്യമാകുന്ന മറ്റ് ഭേദഗതികൾ എന്നിങ്ങനെയുള്ള കാരണങ്ങളാൽ വാർഷിക പദ്ധതി ഭേദഗതി നിർദ്ദേശങ്ങളും തയ്യാറാക്കേണ്ടതുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ നടത്തേണ്ടതുള്ളതിനാൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ സേവനം തുടർന്നും ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

മുൻവർഷങ്ങളിൽ ഭേദഗതി നിർദ്ദേശങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മുഖേന ശേഖരിച്ചിരുന്നില്ല. വിഭവസ്രോതസുകളിൽ വരുത്തുന്ന മാറ്റങ്ങൾ മാത്രമെ ശേഖരിച്ചിരുന്നുള്ളൂ. നടപ്പുവർഷം മുതൽ ഭേദഗതി നിർദ്ദേശങ്ങളും അപ്പപ്പോൾതന്നെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മുഖേന ശേഖരിക്കേണ്ടതുള്ളതിനാൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ സേവനം അനിവാര്യമാണ്. ആയതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ

നിയമന കാലാവധി, ആവശ്യമെങ്കിൽ മാത്രം, 2008 മാർച്ച് 31 വരെ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന നിർദ്ദേശം.

**1.7** *പ്രാദേശികാസൂത്രണ വിവരശേഖരണ പരിപാടി:* ജനപങ്കാളിത്തത്തോടെ പ്രാദേശികതല സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ള പരിപാടിയുടെ സങ്കല്പനരേഖ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ഈ വിഷയം ചർച്ച ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക് വകുപ്പ് ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ വിളിച്ചു ചേർത്ത യോഗം ചുവടെ പ്രതിപാദിക്കുന്ന ശുപാർശകൾ കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(i) ജനകീയാസൂത്രണം, വികേന്ദ്രീകരണ സഹായ പരിപാടി, യു.എൻ.ഡി.പി, അടുത്തയിടെ കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പൈലറ്റ് പ്രോജക്ട് എന്നീ ഉദ്യമങ്ങളുടെ അനുഭവങ്ങൾ കൂടി കണക്കിലെടുത്ത് പ്രാദേശിക വിവരശേഖരണ പരിപാടിയുടെ രീതിശാസ്ത്രം ആവിഷ്കരിക്കണം. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ വിവരശേഖരണത്തിനുള്ള പ്രത്യേക സംവിധാനമാണ് ആവിഷ്കരിക്കേണ്ടത്.

(ii) ഗ്രാമപഞ്ചായത്ത് തലത്തിൽ ശേഖരിക്കുന്ന വിവരങ്ങൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് തലത്തിലും നഗരസഭയുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും സമാഹരിക്കണം.

(iii) വിവരങ്ങൾ തദ്ദേശഭരണ സ്ഥാപന, ജില്ലാ, സംസ്ഥാന തലങ്ങളിൽ ക്രോഡീകരിക്കാൻ പര്യാപ്തമാകും വിധം പൊതുവായ ചോദ്യവലികളും അതത് തദ്ദേശശഭരണ സ്ഥാപനങ്ങളുടെ സവിശേഷതകൾ അനുസരിച്ച് പ്രത്യേക ചോദ്യാവലികളും ആവിഷ്കരിക്കാവുന്നതാണ്.

(iv) വിവിധ തലങ്ങളിൽ ജനകീയ സമിതികൾ രൂപീകരിച്ച് വിവരശേഖരണം, സമാഹരണം, ഡേറ്റ അംഗീകരിക്കൽ എന്നീ ഘട്ടങ്ങളുടെ ചുമതല ഏൽപ്പിക്കവുന്നതാണ്.

(v) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ പ്രാഥമിക വിവരശേഖരണത്തിന് എന്യൂമറേറ്റർമാരായി നിയോഗിക്കാവുന്നതാണ്.

(vi) പ്രാദേശിക വിവരശേഖരണ പരിപാടിക്കുള്ള സാങ്കേതിക സഹായം ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നൽകുന്നതാണ്.

(vii) എന്യൂമറേറ്റർമാർക്കും ഈ പരിപാടിയുമായി സഹകരിക്കുന്ന മറ്റ് ഉദ്യോഗസ്ഥർക്കും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ മുഖേന പരിശീലനം നൽകാവുന്നതാണ്.

(viii) ശേഖരിക്കുന്ന വിവരങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിന് (statistical validation) ഒരു പ്രത്യേക സംവിധാനം ആവിഷ്കരിക്കണം. ഈ ദൗത്യത്തിന് പ്രൊഫഷണൽ ഏജൻസികളെയും പരിഗണിക്കാവുന്നതാണ്.

(ix) ഈ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള ചെലവ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും സംയുക്തമായി വഹിക്കണം.

(x) ഒരു വിദഗ്ദ്ധ സമിതിയുടെ ചുമതലയിൽ ഒരു പ്രവർത്തന ഗവേഷണ പരിപാടി (Action Reserch Programme) തയ്യാറാക്കി അത് 10 ഗ്രാമപഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലും ഫീൽഡ് ടെസ്റ്റ് ചെയ്തതിനുശേഷം സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കണം. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ (ചെയർമാൻ), കില ഡയറക്ടർ (കൺവീനർ), ശ്രീ. നീലകണ്ഠൻ (മുൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷൻ), ശ്രീ.എ.മീരാസാഹിബ് (മുൻ ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്), രണ്ട് ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ രണ്ട് ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർ അംഗങ്ങളായി വിദഗ്ദ്ധ സമിതി രൂപീകരിക്കാവുന്നതാണ്. വിദഗ്ദ്ധ സമിതിയുടെ പ്രവർത്തന ചെലവ് 'കില' വഹിക്കേണ്ടതാണ്.

(xi) പ്രവർത്തന ഗവേഷണ പരിപാടി 'കില' യുടെ ചുമതലയിൽ നടത്തേണ്ടതാണ്.

**1.8** ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമിയും വീടും അനുവദിക്കുന്നതിനുള്ള സ്പെഷ്യൽ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽ ഭൂരഹിതരായി 68,148 കുടുംബങ്ങളും ഭവന രഹിതരായി 64,645 കുടുംബങ്ങളും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. പട്ടികവർഗ വിഭാഗത്തിൽ 35,000 കുടുംബങ്ങൾ ഭൂരഹിത–ഭവന രഹിതരായി ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഭവന നിർമ്മാണത്തിന് മൂന്നു മുതൽ അഞ്ച് വരെ സെന്റ് സ്ഥലം വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സ്പെഷ്യൽ പാക്കേജ് നടപ്പാക്കാൻ മന്ത്രിസഭാതല ഉപസമിതിയും സെക്രട്ടറിതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. കർമ്മസമിതി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയം കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്.

**1.9** *ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പൊതുശ്മശാനങ്ങൾ സ്ഥാപിക്കൽ*

പൊതുശ്മശാനം ഇല്ലാത്തതുകാരണം മൃതദേഹം സംസ്ക്കരിക്കുന്നതിന് പലയിടങ്ങളിലും പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഇടയ്ക്കിടെ പത്രവാർത്തകളും വരുന്നുണ്ട്. ഈയിടെ തിരുവനന്തപുരം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിൽ സ്വർണ്ണമ്മ എന്ന സ്ത്രീയുടെ മൃതദേഹം വീടിനുള്ളിൽ സംസ്ക്കരിക്കപ്പെട്ടതായി പത്രവാർത്ത വരികയുണ്ടായി. കടയ്ക്കൽ ഗ്രാമപഞ്ചായത്തിനെതിരെ ഓംബുഡ്സ്മാൻ സ്വമേധയാ കേസ്സെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ചുവടെ പ്രതിപാദിക്കുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്യാൻ പഞ്ചായത്ത് ഡയറക്ടറോടും നഗരകാര്യഡയറക്ടറോടും ആവശ്യപ്പെട്ടിരുന്നു.

(1) ശ്മശാനം നിലവിലുള്ള ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഏവ?

(2) ശ്മശാനം നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അവ സ്ഥാപിക്കാത്തതിനുകാരണം?

(3) പ്രശ്ന പരിഹാരത്തിന് സ്വീകരിക്കേണ്ട നടപടികൾ ഏവ?

*പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട്:* 507 ഗ്രാമപഞ്ചായത്തുകളിലാണ് ശ്മശാനം നിലവിലുള്ളത്. പൊതുശ്മശാനങ്ങൾ സ്ഥാപിക്കുവാൻ ചുരുങ്ങിയത് 50 സെന്റ് സ്ഥലമെങ്കിലും വേണ്ടിവരും. ഗ്രാമപ്രദേശങ്ങളിൽ അത്രയും സ്ഥലം കണ്ടെത്തുക ബുദ്ധിമുട്ടായിരിക്കും. ശ്മശാനങ്ങൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം ജില്ലാ ആസൂത്രണ സമിതി അടിയന്തിരമായി വിളിച്ചുചേർത്ത് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. സ്ഥലം കണ്ടെത്തുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിക്കാവുന്നതാണ്.

നഗര കാര്യഡയറക്ടറുടെ റിപ്പോർട്ട്

| | | |
|---|---|---|
| ശ്മശാനം നിലവിലുള്ള നഗരസഭകൾ (കൊടുങ്ങല്ലൂർ നഗരസഭയിലെ ശ്മശാനം പ്രവർത്തന രഹിതമാണ്) | : | 46 |
| ശ്മശാനം നിലവിലില്ലാത്ത നഗരസഭകൾ | : | 12 |
| **ആകെ** | | **58** |

**1.10** കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള ഗ്രാമീണ വൈദ്യുതീകരണ പദ്ധതി (Rural Electrification Plan) നിർദ്ദേശങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം അറിയിക്കണമെന്ന് ഊർജ്ജവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്.

## 2. പ്രത്യേക വിഷയങ്ങൾ

### 2.1 പൊതുവിദ്യാഭ്യാസ വകുപ്പ്

സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കിവരുന്ന ഉച്ചഭക്ഷണ വിതരണ പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഒരു പരിപാടിയാണ്. പാചകകൂലി ഉൾപ്പെടെയുള്ള ചെലവുകൾക്ക് വേണ്ട തുക ഇപ്പോൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അനുവദിക്കുകയും തുടർന്ന് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന സ്കൂളുകൾക്ക് അനുവദിച്ചുകിട്ടുകയുമാണ് ചെയ്യുന്നത്. ഇതിന് കാലതാമസമുണ്ടാകുന്നുണ്ട് എന്നതിനാൽ ഇ–ബാങ്കിംഗ് മുഖേന സ്കൂളുകൾക്ക് ഫണ്ട് നേരിട്ട് അനുവദിക്കുന്നതിനുള്ള ഒരു നിർദ്ദേശം പൊതുവിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. എസ്.ബി.റ്റി.യുടെ തിരുവനന്തപുരം ജഗതി ശാഖയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ച് ട്രഷറിയിൽനിന്നും തുക മുഴുവനായി പിൻവലിച്ച് പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുടർന്ന് ആവശ്യാനുസരണം എ.ഇ.ഒ. മാർ ആരംഭിക്കുന്ന കറണ്ട് അക്കൗണ്ടിലേക്ക് ഫണ്ട് കൈമാറുകയും അതിന്റെ വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കുകയും ചെയ്യുന്ന രീതിയാണ് നിർദ്ദേശിക്കുന്നത്. ഫണ്ട് കൈമാറ്റത്തിന് വിശദമായ നടപടിക്രമങ്ങളും പരിശോധനാഘട്ടങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പാലക്കാട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നു.

ഈ പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ഒന്നായതിനാൽ ഫണ്ട് കൈമാറ്റ രീതിയിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങളെ ഒഴിവാക്കുന്നത് അധികാര വികേന്ദ്രീകരണത്തിന്റെ അന്തസത്തയ്ക്ക് യോജിച്ചതല്ല എന്നതിനാൽ പുതിയ നിർദ്ദേശങ്ങൾ വിശദമായി പരിശോധിക്കപ്പെടേണ്ടതുണ്ട് എന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

### 2.2 പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗവിഭാഗക്കാരുടെ പുനരധിവാസത്തിന് ഇന്ത്യയിൽ നടപ്പാക്കുന്ന പ്രധാന പ്രോജക്ടുകളിൽ ഒന്നാണ് ആറളം ട്രൈബൽ റീസെറ്റിൽമെന്റ് പ്രോജക്ട്. കീഴ്പ്പള്ളിയിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ആശുപത്രി ആറളത്തേക്ക് മാറ്റണമെന്ന് ബഹുമാനപ്പെട്ട പിന്നോക്ക–പട്ടിക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. കീഴ്പ്പള്ളിയിൽ പ്രവർത്തിച്ചിരുന്ന ആശുപത്രി അവിടെത്തന്നെ നിലനിർത്തുന്നതിനായി ഗ്രാമപഞ്ചായത്ത് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിന്റെ സിംഹഭാഗവും ആറളം ഫാമിൽ നടക്കുന്ന പുനരധിവാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണമെന്ന് ആറളം ഗ്രാമപഞ്ചായത്ത്, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ ജില്ലാ പഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

**2.3 യുവജനക്ഷേമവകുപ്പ്**

കേരളത്തിലെ മൊത്തം ജനങ്ങളുടെ ആരോഗ്യവും കായികക്ഷമതയും വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ആവിഷ്കരിച്ചിട്ടുള്ള Total Physcial Fitness Programme ആദ്യഘട്ടത്തിൽ വിദ്യാലയങ്ങളിലാണ് നടപ്പാക്കുന്നത്. ഏഴായിരം സ്കൂളുകളിൽ അഞ്ച് മുതൽ +2 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയാണ് ഇതിന്റെ ഭാഗമാക്കിയിട്ടുള്ളത്. കഴിഞ്ഞ മാസം ആരംഭിച്ച ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റ് ഈ മാസത്തോടെ പൂർത്തിയാകും. ഇതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ഏകദേശം 500 രൂപ ഓരോ സ്കൂളിനും ചെലവ് വരും. മൊത്തം 7,000 സ്കൂളുകൾക്ക് ഏകദേശം 35.00 ലക്ഷം രൂപ ചെലവ് പ്രീതിക്ഷിക്കുന്നു. ഇത്രയും തുക കേരള സ്പോർട്സ് കൗൺസിലിന് കണ്ടെത്താൻ കഴിയുകയില്ല. ആയതിനാൽ സ്കൂളൊന്നിന് 500 രൂപ ചെലവഴിക്കുവാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും യഥേഷ്ഠാനുമതി നൽകണമെന്ന ആവശ്യം.

**2.4 മൃഗസംരക്ഷണ വകുപ്പ്**

(i) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളും 48 പോളിക്ലിനിക്കുകളും 213 വെറ്റിനറി ആശുപത്രികളും 856 ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. 30 ശതമാനത്തോളം വാടക കെട്ടിടങ്ങളിലും 20 ശതമാനം വളരെ പഴക്കം ചെന്ന കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കൽ, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ കൂട്ടിച്ചേർക്കലുകൾ, അറ്റകുറ്റപ്പണികൾ മുതലായ പ്രവൃത്തികൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശം നൽകാവുന്നതാണ്.

(ii) മൃഗാശുപത്രികൾക്ക് മരുന്ന് വിതരണം ചെയ്യുന്നതിനായി സംസ്ഥാന ബജറ്റിൽ പദ്ധതി വിഹിതമായി പ്രതിവർഷം 650–800 ലക്ഷം രൂപ മാത്രമേ വകയിരുത്തുന്നുള്ളു. ഏകദേശം 13 കോടി രൂപയുടെ മരുന്ന് ആവശ്യമുണ്ട്. ഈ സാഹചര്യത്തിൽ മൃഗാശുപത്രികൾക്ക് ആവശ്യമായ മരുന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകണമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(iii) പേവിഷ നിയന്ത്രണ പരിപാടിയും മൃഗ പ്രജനന നിയന്ത്രണ പരിപാടിയും തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും ഏറ്റെടുത്ത് നടപ്പാക്കണമെന്ന് നിർദ്ദേശം നൽകാവുന്നതാണ്.

(iv) ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ഓരോ തലത്തിലെ സ്ഥാപനത്തിനും നിലവാരം നിശ്ചയിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തി ലുള്ള സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നിശ്ചിത നിലവാരം ഉറപ്പു വരുത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിർദ്ദേശിക്കാവു ന്നതാണ്.

(v) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള വിവിധ ഫാമുകൾക്ക് ആവശ്യമായ പാരന്റ് സ്റ്റോക്ക്, തീറ്റകൾക്കുള്ള ചെലവ്, അറ്റകുറ്റപണികൾ, സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, കറണ്ട് ചാർജ്ജ്, കുടിവെള്ള ചാർജ്ജ് മുതലായ ചെലവുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന് നിർദ്ദേശം നൽകാവുന്നതാണ്.

**2.5 കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ**

(a) തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് ആവശ്യമായ കോഴിക്കുഞ്ഞുങ്ങൾ പൂർണ്ണമായും കോർപ്പറേഷന് വിതരണം ചെയ്യാൻ കഴിയും. വിതരണത്തിന് ചുവടെ പ്രതിപാദിക്കുന്ന പ്രകാരം വ്യവസ്ഥകൾ (terms and contitions for the supply) നിശ്ചയിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും അറിയിക്കണമെന്ന് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(1) കോർപ്പറേഷനിൽ നിന്നും മുൻകൂട്ടി പ്രൊഫോർമ ഇൻവോയിസ് വാങ്ങണം. അതിന് തദ്ദേശഭരണ സ്ഥാപനം കോർപ്പറേഷന് അപേക്ഷ നൽകണം.

(2) മാനേജിംഗ് ഡയറക്ടർ, കെ.എസ്.പി.ഡി.സി. തിരുവനന്തപുരം എന്ന വിലാസത്തിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് അഡ്വാൻസ് പെയ്മെന്റ് നടത്തണം.

(3) വിതരണം ചെയ്യേണ്ട തീയതിക്ക് കുറഞ്ഞത് മൂന്നാഴ്ച മുൻപെങ്കിലും വിതരണം ചെയ്യേണ്ട സ്ഥലം രേഖപ്പെടുത്തിയ ഡിമാന്റ് നോട്ടീസ് തദ്ദേശഭരണ സ്ഥാപനം നൽകണം.

(4) കോഴിക്കുഞ്ഞിന്റെ തരം : 45 മുതൽ 60 ദിവസം വരെ പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾ

(5) ചെലവ്: 50 രൂപ, 12.5% നികുതിപുറമേ

(6) ട്രാൻസ്പോർട്ടേഷൻ ചെലവ്: കിലോമീറ്ററിന് 11 രൂപ (തിരുവനന്തപുരത്ത് നിന്നും വിതരണം ചെയ്യേണ്ട സ്ഥലം വരെ)

(b) കോർപ്പറേഷനിൽ നിന്നും കോഴിക്കുഞ്ഞുങ്ങളും തീറ്റയും വാങ്ങുന്നതിന് നിർദ്ദേശിക്കുന്ന പ്രോജക്ടുകൾക്ക് ടി.എ.ജി.കൾ തർക്കം ഉന്നയിക്കുന്നുണ്ട്. അതിനാൽ കോർപ്പറേഷനിൽ നിന്നും അവ നേരിട്ട് വാങ്ങാവുന്നതാണെന്ന് വിശദീകരണം നൽകാവുന്നതാണ്.

(c) കോഴിക്കുഞ്ഞുങ്ങളും തീറ്റയും മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ഏജൻസികളിൽ നിന്നോ ആണ് വാങ്ങുന്നതെങ്കിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഫാമുകളിൽ നിന്നും കോർപ്പറേഷനിൽ നിന്നും അവ ലഭ്യമല്ലെന്നുള്ള സാക്ഷ്യപത്രം (Non-availability certificate) വാങ്ങണമെന്ന് നിർദ്ദേശം നൽകാവുന്നതാണ്.

കോർപ്പറേഷന്റെ ആവശ്യങ്ങൾ മൃഗസംരക്ഷണ വകുപ്പ് ശുപാശ ചെയ്തിട്ടുണ്ട്.

## 2.6 മത്സ്യഫെഡ്

(i) നടപ്പ് സാമ്പത്തികവർഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽപ്പെടുന്ന ജലസ്രോതസ്സുകൾ കണ്ടെത്തി പരമാവധി മത്സ്യ/ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ് മത്സ്യഫെഡ് ലക്ഷ്യമിട്ടിരിക്കുന്നത്. ഉൾനാടൻ മേഖലയിൽ മത്സ്യഫെഡിൽ അംഗത്വമുള്ള 186 മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സംഘങ്ങളിൽ 33,054 മത്സ്യത്തൊഴിലാളികൾ അംഗങ്ങളാണ്. ഇതിനുപുറമെ 133 വനിതാ സംഘ ങ്ങളും 8,914 സ്വയംസഹായ ഗ്രൂപ്പുകളും പ്രവർത്തിച്ചുവരുന്നു. കുടുംബശ്രീ അയൽക്കൂട്ടങ്ങളും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അസോസിയേറ്റ് മെമ്പർഷിപ്പ് എടുത്ത് മൈക്രോഫിനാൻസ് വായ്പയും, തൊഴിൽ സംരംഭകർക്കുള്ള വായ്പയും നേടിവരുന്നു. അലങ്കാര മത്സ്യകൃഷി പ്രധാനപ്പെട്ട തൊഴിൽ സംരംഭമായി വികസിച്ചുകൊണ്ടുവരുന്നതിന് മത്സ്യ ഫെഡിന് കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സജീവമായ പങ്കാളിത്തം തികച്ചും അനിവാര്യമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കുക യാണെങ്കിൽ കൂടുതൽ കർഷകർ ഈ മേഖലയിലേയ്ക്ക് കടന്ന് വരികയും തന്മൂലം പരമാവധി ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി മത്സ്യോല്പാദനം വർദ്ധിപ്പിക്കുവാനും സാധിക്കും.

മത്സ്യഫെഡിന്റെ നിലവിലുള്ള സാമ്പത്തിക പരിധിയിൽ നിന്നു കൊണ്ട് തൽപ്പരരായ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യഫെഡ് ഹാച്ചറികളിൽനിന്നും ഗുണമേന്മയേറിയ ചെമ്മീൻ–മത്സ്യ വിത്തുകളും സ്റ്റോക്ക് ചെയ്ത് വിളവെടുപ്പ് വരെ ആവശ്യമായി വരുന്ന സാങ്കേതികസഹായവും നൽകാൻ കഴിയുന്നതാണ്. പ്രാഥമിക സർവേ തുടങ്ങിയ നടപടികൾ സ്വികരിക്കുന്നതിന് മത്സ്യഫെഡ് ഫീൽഡ് വെലൽ ഉദ്യോഗസ്ഥന്മാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ഇത്തരുണത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പരമാവധി സഹായം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് തികച്ചും അനിവാര്യമാണ്. ആയതിനാൽ തദ്ദേശഭരണ സ്ഥാപന തലത്തിൽ മത്സ്യ ജലകൃഷി നടത്തുന്നതിന് മത്സ്യഫെഡിനെ അംഗീകൃത സാങ്കേതിക ഏജൻസിയായി കണക്കാക്കണമെന്ന് മത്സ്യഫെഡ് ആവശ്യപ്പെട്ടിട്ടുണ്ട്. മത്സ്യഫെഡിനെ സാങ്കേതിക ഏജൻസിയായി കണക്കാക്കുന്നതോടൊപ്പം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസികൾക്ക് അനുവദി ക്കുന്ന രീതിയിൽ പ്രേജക്ട് മാനേജ്മെന്റ് ചാർജ്ജ് കൂടി അനുവദിച്ചു നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ii) വടക്കൻ ജില്ലകൾക്ക് ആവശ്യമായ മത്സ്യബന്ധന വലകളുടെ ഉത്പാദനത്തിന് സർക്കാർ വിഹിതം, വിവിധ ഏജൻസികളുടെ വിഹിതം, എം.പി.ഫണ്ട്, എം.എൽ.എ.ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം എന്നിവ സമന്വയിപ്പിച്ച് കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു വലനിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അഴീക്കലിൽ പ്രവർത്തനരഹിതമായ ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്താണ് ഫാക്ടറി സ്ഥാപിക്കുന്നത്. 25 വലനിർമ്മാണ യന്ത്രങ്ങൾ സ്ഥാപിച്ച് ഏകദേശം 400 ടൺ ഉല്പാദനശേഷിയുള്ള ഫാക്ടറിയാണ് സ്ഥാപിക്കുന്നത്. പ്രത്യക്ഷത്തിൽ 150 പേർക്കും പരോക്ഷമായി ഏകദേശം 450 പേർക്കും തൊഴിലവസരം ലഭിക്കും.

**(എ) പദ്ധതിയുടെ ഇനംതിരിച്ചുള്ള ചെലവുകൾ**

(ലക്ഷം രൂപ)

| ക്രമ നമ്പർ | ഇനം | വകയിരുത്തുന്ന തുക |
|---|---|---|
| 1 | വല നിർമ്മാണ യന്ത്രങ്ങൾ (25 എണ്ണം) | |
| | 760 45 X 14 | 630.00 |
| | 940 45 X 3 | 135.00 |
| | 11–40 60 X 40 | 180.00 |
| | 14–30 60 X 3 | 180.00 |
| | 22–20 170 X 1 | 170.00 |
| | 30–170 170 X1 | 170.00 |
| 2 | നെറ്റ് സ്ട്രെച്ചിംഗ് മെഷീൻ | 25.00 |
| 3 | സെൻട്രി ഫ്യൂവൽ മെഷീൻ | 15.00 |
| 4 | ഡൈയിംഗ് മെഷീൻ | 35.00 |
| 5 | ബോയിലർ | 20.00 |
| 6 | കെട്ടിട നിർമ്മാണം | 170.00 |
| 7 | പ്രവർത്തന മൂലധനം | 100.00 |
| 8 | മറ്റ് അനുബന്ധ ചെലവുകൾ | 20.00 |
| **ആകെ** | | **1850.00** |

**(ബി) വിഭവസ്രോതസ്സുകൾ**

| | | |
|---|---|---|
| സർക്കാർ വിഹിതം | : | 300.00 ലക്ഷം രൂപ |
| തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം | : | 355.00 " |
| എം.എൽ.എ./എം.പി.ഫണ്ട് വിഹിതം | : | 195.00 " |
| മത്സ്യഫെഡ് (എൻ.സി.ഡി.സി./ നബാർഡ് വായ്പ) | : | 1000.00 " |
| **ആകെ** | **:** | **1850.00 ലക്ഷം രൂപ** |

**(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം**

(ലക്ഷം രൂപ)

| തദ്ദേശഭരണ സ്ഥാപനം | 2008–09 | 2009–10 |
|---|---|---|
| (I) ജില്ലാ പഞ്ചായത്ത് – കണ്ണൂർ | 110.00 | -- |
| **(II) മുനിസിപ്പാലിറ്റികൾ** | | |
| 1. തലശ്ശേരി | 12.50 | 12.50 |
| 2. കണ്ണൂർ | 12.50 | 12.50 |
| **ആകെ** | **25.00** | **25.00** |
| **(III) ബ്ലോക്ക് പഞ്ചായത്തുകൾ** | | |
| 1. തലശ്ശേരി | 10.00 | 10.00 |
| 2. എടക്കാട് | 10.00 | 10.00 |
| 3. കണ്ണൂർ | 10.00 | 10.00 |
| 4. പയ്യന്നൂർ | 10.00 | 10.00 |
| **ആകെ** | **40.00** | **40.00** |
| (IV) **ഗ്രാമപഞ്ചായത്തുകൾ** | | |
| 1. രാമന്തളി | 5.00 | 5.00 |
| 2. മുഴുപ്പിലങ്ങാട് | 5.00 | 5.00 |
| 3. ധർമ്മടം | 7.50 | 7.50 |
| 4. ന്യൂമാഹി | 7.50 | 7.50 |
| 5. മാട്ടൂൽ | 7.50 | 7.50 |
| 6. മാടായി | 5.00 | 5.00 |
| 7. എടയ്ക്കാട് | 10.00 | 10.00 |
| 8. അഴീക്കോട് | 10.00 | 10.00 |
| **ആകെ** | **57.50** | **57.5** |
| **തദ്ദേശഭരണ സ്ഥാപനങ്ങൾ ആകെ** | **355.00** | |

**(ഡി) നിർവഹണ ഏജൻസി : മത്സ്യഫെഡ്**

**(ഇ) പദ്ധതി നിർവഹണ മോണിറ്ററിംഗ് സമിതി**

| | | |
|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | ചെയർപേഴ്സൺ |
| 2 | മത്സ്യഫെഡ് ഭരണസമിതി അംഗം (കണ്ണൂർ ജില്ല) | മെമ്പർ |
| 3 | ജില്ലാ പഞ്ചായത്തിലെ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | മെമ്പർ |
| 4 | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ (നാലുപേർ) | " |
| 5 | ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാർ (പത്തുപേർ) | " |
| 6 | മുനിസിപ്പൽ ചെയർമാൻമാർ (രണ്ടുപേർ) | " |
| 7 | കണ്ണൂർ ജില്ലാ കളക്ടർ | " |
| 8 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി | " |
| 9 | എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണം) ജില്ലാ പഞ്ചായത്ത് | " |
| 10 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, കണ്ണൂർ | " |
| 11 | ഡെപ്യൂട്ടി ജനറൽ മാനേജർ (എഞ്ചിനീയറിംഗ്) മത്സ്യഫെഡ്. | " |
| 12 | ഡെപ്യൂട്ടി ജനറൽ മാനേജർ (കൊമേഴ്സ്യൽ ഓപ്പറേഷൻസ്) മത്സ്യഫെഡ് | " |

| | | |
|---|---|---|
| 13 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ | " |
| 14 | ജില്ലാ മാനേജർ, മത്സ്യഫെഡ്, കണ്ണൂർ | " |
| 15 | സ്പെഷ്യൽ ഓഫീസർ, മത്സ്യഫെഡ്, കണ്ണൂർ വല നിർമ്മാണശാല പദ്ധതി (കൺവീനർ) | കൺവീനർ |

ചുവടെ പ്രതിപാദിക്കുന്ന കാര്യങ്ങൾക്ക് അനുമതി നൽകണമെന്നതാണ് മത്സ്യ ഫെഡിന്റെ ആവശ്യം.

(i) സംയുക്തമായി നടപ്പാക്കുന്ന വലനിർമ്മാണ ഫാക്ടറിക്ക് വിഹിതം നൽകുവാനായി തദ്ദേശഭരണ സ്ഥാപനങ്ങൾ 2008–09, 2009–10 എന്നീ വാർഷിക പദ്ധതികളിൽ പ്രോജക്ട് ഉൾപ്പെടുത്തുന്നതിന് അനുമതി.

(ii) തദ്ദേശഭരണ സ്ഥാപനങ്ങൾ രണ്ട് വാർഷിക പദ്ധതികളിലായി വകയിരുത്തുന്ന വിഹിതം പ്രോജക്ട് നിർവ്വഹണ ഏജൻസിയായ മത്സ്യഫെഡിന് കൈമാറുന്നതിന് അനുമതി.

**2.7 വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ഗ്രാമസഭകൾ കൂടിയെങ്കിലും പഞ്ചായത്ത് കമ്മിറ്റി കൂടി വികസന സെമിനാർ നടത്തുന്നതിന് പ്രതിപക്ഷ അംഗങ്ങളുടെ നിസഹരണം കാരണം കഴിയുന്നില്ലെന്നും ആയതിനാൽ രണ്ടാം ഘട്ട പദ്ധതി സമർപ്പണത്തിന് ഒരു മാസം കൂടി സമയം അനുവദിക്കണമെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

**2.8 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

നബാർഡ്–ആർ.ഐ.ഡി.എഫ് പ്രകാരം പൊതുമേഖലാ സ്ഥാപനമായ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന ചുവടെ ചേർത്തിട്ടുള്ള കോൾനില വികസന പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം ഒഴിവാക്കി നൽകണമെന്ന ആവശ്യം.

| | | | |
|---|---|---|---|
| (1) | വേളം ആയഞ്ചേരി | – | 535.00 ലക്ഷം രൂപ |
| (2) | ചെരണ്ടത്തൂർ ചിറ | – | 535.00 ലക്ഷം രൂപ |
| (3) | ആവളപ്പാണ്ടി ചിറ | – | 1496.00 ലക്ഷം രൂപ |

**2.9 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്**

പ്രസിഡന്റിന്റെ ഓഫീസും സെക്രട്ടറിയുടെ ഓഫീസും തമ്മിൽ 30 മീറ്റർ അകലത്തിലാണ് സ്ഥിതി ചെയ്യുന്നത്. നിലവിലുള്ള ഫോൺ സെക്രട്ടറിയുടെ ഓഫീസനടുത്താണ് സ്ഥാപിച്ചിട്ടുള്ളത്. ആറ് എക്സ്റ്റൻഷനുകളിൽ ഒന്നാണ് ഇപ്പോൾ പ്രസിഡന്റ് ഉപയോഗിക്കുന്നത്. പ്രസിഡന്റിനോ അംഗങ്ങൾക്കോ ഫോൺ ഉപയോഗിക്കണമെങ്കിൽ ദീർഘസമയം കാത്തിരിക്കേണ്ടി വരുന്നു. ആയതിനാൽ പ്രസിഡന്റിന്റെ ഉപയോഗത്തിനായി ഒരു ടെലിഫോൺ കണക്ഷൻ എടുക്കുന്നതിന് അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രാരംഭ ചെലവുകളും തുടർ ചെലവുകളും തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ വിനിയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**2.10 കേരള വികലാംഗ സംയുക്ത സമിതി**

കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ കേരള വികലാംഗ സംയുക്ത സമിതി സമർപ്പിച്ച നിവേദനത്തിലെ വിവിധ ആവശ്യങ്ങളും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ആവശ്യങ്ങൾ | പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് |
|---|---|---|
| 1 | വികലാംഗർക്ക് ജനകീയാസൂത്രണം വഴി വീട് അനുവദിക്കുമ്പോൾ കുടുംബം ആകണമെന്ന നിബന്ധന ഒഴിവാക്കണം. പല വികലാംഗർക്കും കല്യാണം കഴിച്ച് കുടുംബം ആകാനുള്ള സാധ്യത കുറവാണ്. വികലാംഗന് ജീവിക്കാൻ വീട് അത്യാവശ്യമാണ്. ഇപ്പോൾ ഇത്തരം ആനുകൂല്യങ്ങളുള്ള കുടുംബത്തിന് മുൻഗണന കൊടുക്കുന്നുണ്ടെങ്കിലും പലപ്പോഴും വികലാംഗന് വീട് ലഭിക്കാറില്ല. | വികലാംഗർക്ക് കുടുംബം ആകാനുള്ള സാധ്യതാ കുറവ് പരിഗണിച്ചും ഇവർക്ക് വീട് ആത്യാവശ്യമാണ് എന്ന പരിഗണന കണക്കിലെടുത്തും വീട് അനുവദിക്കുന്നതിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| 2 | വികലാംഗർക്ക് വീട് വയ്ക്കാൻ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും വീടിനുള്ള ധനസഹായവും (മണ്ണും വീടും പദ്ധതി) അനുവദിക്കണം. | ഭൂരഹിതരായ വികലാംഗർക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള ധനസഹായം പഞ്ചായത്തുകൾ മുഖേന നടപ്പാക്കാവുന്നതാണ്. അതുപോലെ ഭവന രഹിതരും എന്നാൽ വീട് നിർമ്മിക്കുവാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ വികലാംഗർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം മുൻഗണനാടിസ്ഥാനത്തിൽ നൽകാവുന്നതാണ്. |
| 3 | വികലാംഗരുടെ വീടുകളെ കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കണം. | എല്ലാ വികലാംഗരുടെയും വീടുകൾ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്നത് ആശാസ്യമല്ല. എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും 90 ശതമാനത്തിനു മുകളിൽ വൈകല്യമുള്ളവരുമായ വികലാംഗരുടെ ഭവനങ്ങൾ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

**2.11 നെല്ലനാട് ഗ്രാമപഞ്ചായത്ത്**

കഴിഞ്ഞ 10 വർഷമായി ദിവസ വേതനാടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വക ട്രാക്ടർ ഓടിച്ചുവരുന്ന സതീഷ്കുമാറിന്റെ നിയമനം, ഒരു ട്രാക്ടർ ഡ്രൈവർ തസ്തിക സൃഷ്ടിച്ച് ക്രമവല്ക്കരിക്കണമെന്നതാണ് ആവശ്യം.

വളരെ വേഗത്തിൽ നഗരവല്ക്കരിക്കപ്പെട്ടിരിക്കുന്ന വെഞ്ഞാറമ്മൂട് ടൗൺ പ്രദേശത്ത് മാലിന്യസംസ്ക്കരണം വളരെയേറെ ശ്രമകരമായ ജോലിയാണെന്നും നിലവിൽ നാല് പാർട്ട്ടൈം ജീവനക്കാരെയും ഒരു ഫുൾടൈം ജീവനക്കാരെയും കൂടാതെ 7 പേർ ദിവസവേതനാടിസ്ഥാനത്തിൽ "ക്ലീൻ നെല്ലനാട് ഗ്രാമ

പഞ്ചായത്തിന്റെ" ഭാഗമായി പ്രവർത്തിച്ചുവരുന്നതായും ഈ പ്രദേശത്തെ മൊത്തം ഖരമാലിന്യങ്ങളും പ്രസ്തുത ജോലിക്കാരെക്കൊണ്ട് ശേഖരിക്കുന്നത് നിലവിലുള്ള ട്രാക്ടർ ഉപയോഗിച്ച് നീക്കം ചെയ്യേണ്ടതിനാൽ പഞ്ചായത്തിന് സ്ഥിരമായി ഒരു ട്രാക്ടർ ഡ്രൈവർ തസ്തിക അനുവദിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

**2.12 വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 1998 മുതൽ പ്രവർത്തിച്ചുവരുന്ന മന്ദബുദ്ധി പരിശീലന കേന്ദ്രത്തിൽ 01.04.2005 മുതൽ ഒരുവർഷത്തേക്ക് പ്രതിമാസം 1500 രൂപ ഹോണറേറിയം വ്യവസ്ഥയിൽ ഒരു ടീച്ചറെ നിയമിച്ചിരുന്നു. നിയമന കാലാവധി 01.04.2006 മുതൽ ഒരുവർഷത്തേക്കും തുടർന്ന് 01.04.2007 മുതൽ ഒരുവർഷത്തേക്കും ദീർഘിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. തനത് ഫണ്ടിൽ നിന്നാണ് തുക വിനിയോഗിക്കുന്നത്.

നിയമന കാലാവധി 01.04.2008 മുതൽ ഒരുവർഷത്തേക്കുകൂടി ദീർഘിപ്പിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാവുന്ന താണെന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

**2.13 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ**

എസ്.ജി.ആർ.വൈ/ഡി.ആർ.ഡി.എ. പ്രവൃത്തികൾക്ക്, പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ട ടാർ അനധികൃതമായി ഉപയോഗിക്കുന്നുണ്ടെന്ന് പരാതി ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത വിഷയം അന്വേഷിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ചുവടെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ ത്രിതല പഞ്ചായത്തുകൾക്ക് നൽകണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

(1) എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം റോഡുകൾ ടാർ ചെയ്യാൻ പാടില്ലെന്ന് നിർദ്ദേശം നൽകാവുന്നതാണ്.

(2) പൊതുമരാമത്ത് വകുപ്പുകൾ നടപ്പാക്കുന്ന പ്രവൃത്തികൾക്കുള്ള ടാറിന്റെ ദുരുപയോഗം ഒഴിവാക്കുന്നതിന് എസ്.ജി.ആർ.വൈ സ്കീം മറ്റ് പരിപാടി കളുമായി സംയോജിപ്പിക്കാൻ പാടില്ലെന്നും അപ്രകാരം സംയോജിപ്പിച്ച് റോഡുകൾ ടാർ ചെയ്യാൻ പാടില്ലെന്നും നിർദ്ദേശിക്കാവുന്നതാണ്.

*ഈ വിഷയം സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.*

(a) ഗ്രാമീണ റോഡുകൾ ടാർ ചെയ്യരുത് എന്ന നിർദ്ദേശം സ്വീകാര്യമല്ല. നിർവഹണ നടപടികൾ സുതാര്യമാക്കിക്കൊണ്ട് ക്രമക്കേടുകൾ ഒഴിവാക്കാ വുന്നതാണ്.

(b) പൊതുമേഖലാ എണ്ണക്കമ്പനികളിൽനിന്നും ടാർ വാങ്ങുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കാവുന്നതാണ്. ഒരുവർഷത്തേക്ക് ആവശ്യമായ ടാറിന്റെ അളവ് മുൻകൂട്ടി നിശ്ചയിച്ച് ഘട്ടംഘട്ടമായി പ്രവൃത്തി നടക്കുന്ന സ്ഥലത്ത് കമ്പനി തന്നെ ടാർ എത്തിക്കുന്ന സംവിധാനം ആവിഷ്ക്കരിക്കാവുന്നതാണ്. ഇതിലൂടെ പ്രവൃത്തിക്ക് ആവശ്യമായ ടാർ വാങ്ങുന്നുണ്ടെന്നും നിശ്ചിത പ്രവൃത്തിക്ക് തന്നെ വിനിയോഗിക്കുന്നു ണ്ടെന്നും ഉറപ്പാക്കാവുന്നതാണ്. സൈറ്റ് എഞ്ചിനീയറും സൂപ്പർവൈസറി സ്റ്റാഫും ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

(c) തദ്ദേശഭരണ സ്ഥാപനത്തിന് നേരിട്ട് ടാർ വാങ്ങാൻ കഴിയുകയില്ലെങ്കിൽ കരാറുകാരൻ/കൺവീനർ/ഏജൻസി നേരിട്ടോ രണ്ടോ മൂന്നോ പേർ ചേർന്ന് സംയുക്തമായോ കമ്പനിയിൽനിന്നും ടാർ വാങ്ങാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ ആധികാരികത തദ്ദേശഭരണസ്ഥാപനം കമ്പനിയുമായി നേരിട്ട് ബന്ധപ്പെട്ട് ഉറപ്പാക്കണം.

*ഗ്രാമവികസന കമ്മീഷണറുടെ അഭിപ്രായം:* ജില്ലാതലത്തിൽ ആവശ്യമായ ടാറിന്റെ അളവ് ഓരോവർഷവും കണക്കാക്കി ചീഫ് എഞ്ചിനീയർ അവ കമ്പനിയിൽനിന്നും നേരിട്ട് വാങ്ങി സൂക്ഷിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുളള സംവിധാനം ആവിഷ്ക്കരിക്കാവുന്നതാണ്.

**2.14 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

പട്ടികവർഗ ഉപപദ്ധതിപ്രകാരം റോഡ് നിർമ്മാണം അനുവദനീയമല്ല. പട്ടികവർഗസങ്കേതങ്ങളിലേക്ക് മാത്രം ഉപയോഗമുള്ള പടവുകളും (foot steps) നടപ്പാലങ്ങളും നിർമ്മിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സൗകര്യങ്ങൾ 9,10 പഞ്ചവത്സരപദ്ധതി കാലയളവിൽ തന്നെ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഇനി കോളനികളിലേക്ക് റോഡുകളാണ് വേണ്ടതെന്നും കണ്ണൂർ ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. ആകയാൽ നടപ്പാലങ്ങൾക്കും പടവുകൾക്കും പുറമെ റോഡുകൾ കൂടി നിർമ്മിക്കുന്നതിന് അനുമതി നൽകാമോയെന്ന് ചർച്ചചെയ്ത് തീരുമാനിക്കാവു ന്നതാണ്.

ഇതേ ആവശ്യം **മേലുകാവ് ഗ്രാമപഞ്ചായത്തും** ഉന്നയിച്ചിട്ടുണ്ട്.

***പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ അഭിപ്രായം:***

ജനകീയാസൂത്രണ മാർഗ്ഗനിർദ്ദേശങ്ങളിൽ പട്ടികവർഗ്ഗ മേഖലകളിൽ നടപ്പടവുകൾ നിർമ്മിക്കുന്നതിന് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. ഇക്കാരണത്താൽ പ്രസ്തുത മേഖലകളിൽ നടപ്പാതകളും റോഡുകളും നിർമ്മിക്കുന്നതിന് സാധിക്കാത്ത സ്ഥിതിയാണ് നിലനിൽക്കുന്നത്. അവികസിത പ്രദേശത്തിന്റെ വികസനത്തിന് റോഡു നിർമ്മാണം അത്യാവശ്യമാകയാൽ പട്ടികവർഗ്ഗ മേഖലകളിൽ റോഡു നിർമ്മാണത്തിന് അനുമതി നൽകേണ്ടതുണ്ട്. റോഡുകളുടെ നിർമ്മാണത്തിന് സാദ്ധ്യതയില്ലാത്ത പ്രദേശങ്ങളിൽ നടപ്പാത നിർമ്മാണത്തിന്

അനുമതി നൽകിയാൽ മാത്രമെ പ്രസ്തുത പ്രദേശത്തുള്ള രോഗികളെ യഥാസമയം ആശുപത്രിയിൽ എത്തിക്കുന്നതിനും ചികിത്സ നടത്തുന്നതിനും വരെ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗ മേഖലകളുടെ സർവതോന്മുഖമായ വികസനത്തിന് കുറഞ്ഞത് 3 മീറ്റർ വീതിയുള്ള നടപ്പാത നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് സർക്കാർ തലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

**2.15 വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 5 സർക്കാർ സ്കൂളുകൾക്ക് (യു.പി.എസ്. പുത്തൻകുരിശ്, എൽ.പി.എസ്. വടവുകോട്, യു.പി.എസ്.പുറ്റുമാനൂർ, ജെ.ബി.എസ്.കുറ്റ, ജെ.ബി.എസ്. ബ്രഹ്മപുരം) ഓരോ മിനി ബസുകൾ വാങ്ങുന്നതിനുള്ള പ്രോജക്ടിന് (45.00 ലക്ഷം രൂപ–തനത് ഫണ്ട്) അനുമതി.

മെയിന്റനൻസ് ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ പി.ടി.എ. വഹിക്കുന്നതാണ്.

**2.16 കുണ്ടറ ഗ്രാമപഞ്ചായത്ത്**

മരണാനന്തര സഹായം (ജനറൽ–75,000 രൂപ), മരണാനന്തര സഹായം (എസ്.സി.പി.–96,000 രൂപ) എന്നീ പ്രോജക്ടുകൾക്ക് ഡി.പി.സി. അനുമതി നൽകിയിട്ടില്ല. യഥാക്രമം 25–ഉം 32–ഉം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. സർക്കാർ അനുമതി നൽകണമെന്നതാണ് ആവശ്യം.

**2.17 കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്**

41 അംഗൻവാടികൾ ഉള്ളതിൽ 15 എണ്ണത്തിനുമാത്രമെ സ്വന്തമായി കെട്ടിടമുള്ളൂ. പട്ടികജാതിക്കാർ കൂടുതലായി താമസിക്കുന്ന സ്ഥലത്ത് 3 അംഗൻവാടികൾ നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. പ്രത്യേക ഘടകപദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുവാൻ പ്രോജക്ട് ഉൾപ്പെടുത്തിയെങ്കിലും ഡി.പി.സി.യുടെ അനുമതി ലഭിച്ചില്ല. പൊതുവിഭാഗം ഫണ്ട് വിനിയോഗിക്കണമെന്നാണ് ഡി.പി.സി. നിർദ്ദേശിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് പ്രസ്തുത പ്രോജക്ട് നടപ്പാക്കുവാൻ അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു.

ഈ വിഷയം 29.10.2008–ന് കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗം ചർച്ചചെയ്ത് പ്രോജക്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ അടുത്ത യോഗത്തിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. 2006,2007,2008 വർഷങ്ങളിൽ 51 ശതനമാനത്തിൽ കൂടുതലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളാണ് പ്രസ്തുത മൂന്ന് അംഗൻവാടികളിൽ പഠിക്കുന്നതെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അംഗൻവാടി കെട്ടിട നിർമ്മാണ പദ്ധതി പ്രദേശത്ത് അധിവസിക്കുന്ന 55 കുടുംബങ്ങളിൽ 37–ഉം പട്ടികജാതി വിഭാഗങ്ങളിൽ

പ്പെട്ടവരാണെന്ന് പട്ടികജാതി വികസന ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വർഷാവർഷങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളിൽ 51 ശതമാനത്തിൽ കൂടുതൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായിരിക്കണമെന്ന് ഉറപ്പുവരുത്തണമെന്നും ജാതി സർട്ടിഫിക്കറ്റ് ഫയൽ ചെയ്യണമെന്നും പട്ടികജാതി വികസന ആഫീസർ നിർദ്ദേശിച്ചിട്ടുണ്ട്.

**2.18 ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ**

ഇ-സാക്ഷരതാ ഫണ്ട് ഇനത്തിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറിയ വിഹിതം മുഴുവനായും വിനിയോഗിക്കേണ്ടി വന്നിട്ടില്ലാത്തതിനാൽ ആ ഇനത്തിൽ കണ്ണൂർ ജില്ലാ ട്രഷറിയിലെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ ബാക്കിയുള്ള തുകയിൽ നിന്ന് കണ്ണൂർ ജില്ലാ വെബ്പോർട്ടൽ, ഇ-വിദ്യ, ഇന്റർനെറ്റ് പഠനം തുടങ്ങിയ പദ്ധതികൾ നിർവ്വഹിക്കുന്നതിനുള്ള അനുമതിക്കായി കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

ഇ-സാക്ഷരതാ ഫണ്ടിൽ ബാക്കിയുള്ള തുക വെബ് പോർട്ടൽ, ഇ-വിദ്യ, മലയാളം കമ്പ്യൂട്ടിംഗ്, അന്ധർക്കുവേണ്ടിയുള്ള ഇൻസൈറ്റ് ഐ.റ്റി.ട്രെയിനിംഗ് തുടങ്ങിയവയ്ക്ക് ഉപയോഗിക്കാമെന്നും മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ എല്ലാ ജില്ലകൾക്കുംകൂടി ബാധകമാക്കണമെന്നും വിവര സാങ്കേതിക വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

**2.19 ചൂണ്ടൽ ഗ്രാമപഞ്ചായത്ത്**

ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ താമസക്കാരനായ ശ്രീ.കെ.എസ്. ധർമ്മൻ എന്ന വ്യക്തി, തനിക്ക് വീടുവയ്ക്കുവാൻ ഭൂമി വിലയ്ക്കു വാങ്ങുന്നതിന് ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിരുന്നു. പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ സ്ഥലം നേരിട്ട് കണ്ടെത്തി വിലയ്ക്ക് വാങ്ങിയാൽ വസ്തുവിന്റെ വില സബ്സിഡിയായി അനുവദിക്കുവാൻ നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുകയില്ല. അപേക്ഷകൻ അർഹനായ ഗുണഭോക്താവാണെന്ന് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ അനുവദിക്കുകയാണെങ്കിൽ സ്ഥലം വിലയ്ക്കു വാങ്ങുവാൻ ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2.20 പെരുമ്പാവൂർ മുനിസിപ്പാലിറ്റി**

നിലവിലുള്ള ജീപ്പ് അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിൽ കയറ്റുമ്പോൾ അത്യാവശ്യ സന്ദർഭങ്ങളിൽ പകരം ഉപയോഗിക്കാൻ വാഹനമില്ലാത്തതുകൊണ്ട് ഒരു പുതിയ ജീപ്പ് (Bolero SLX-MDI-TC2WD A/c -7 seat) വാങ്ങുവാൻ (12.00 ലക്ഷം രൂപ) അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

### 2.21 ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത്

രാഷ്ട്രീയ കൃഷി വികാസ് യോജന, സംസ്ഥാന ഹോൾട്ടി കൾച്ചർ മിഷൻ എന്നീ വിഹിതങ്ങൾകൂടി വിനിയോഗിച്ച് നടപ്പാക്കുന്ന "ഹൈടെക്ക് ഇന്നോവേറ്റീവ് അഗ്രിക്കൾച്ചർ" എന്ന പ്രോജക്ടിന്റെ ഭാഗമായി പ്രിസിഷൻ ഫാമിംഗിന് ഫാം ഡിഗർ വാങ്ങുവാൻ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ടിന് അനുമതി നൽകണമെന്ന ആവശ്യം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘടകം | വികസന ഫണ്ട് | ബ്ലോക്ക് വിഹിതം | ഗുണഭോക്തൃ വിഹിതം | സഹകരണ സ്ഥാപനത്തിന്റെ വിഹിതം | RKVY | ആകെ |
|---|---|---|---|---|---|---|
| പ്രിസിഷൻ ഫാമിംഗ്, ഫാം ഡിഗ്ഗർ വാങ്ങൽ | 2,00,000 | 3,50,000 | | 9,50,000 | 10,00,000 | 25,00,000 |
| പ്രോട്രേ വാങ്ങൽ | 75000 | | 75000 | | | 150000 |
| വാട്ടർ സൊല്യൂബൾ ഫെർട്ടിലേസർ വാങ്ങൽ | 2,05,000 | | 3,05,000 | | | 5,10,000 |
| ഹൈബ്രിഡ് വിത്തുകളുടെ വിതരണം | **1,20,000** | | | | | **1,20,000** |
| **ആകെ** | **6,00,000** | **3,50,000** | **3,80,000** | **9,50,000** | **10,00,000** | **32,80,00** |

ഫാം ഡിഗർ വാങ്ങി പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്കിന് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

### 2.22 കോട്ടപ്പാടം ഗ്രാമപഞ്ചായത്ത്

(i) 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള "സ്കൂളുകൾക്ക് കമ്പ്യൂട്ടർ" എന്ന പ്രോജക്ടിന് (തനത്ഫണ്ട്–2,14,500 രൂപ,–ഗുണഭോക്തൃ വിഹിതം–71,500 രൂപ, ആകെ–2,86,000 രൂപ) ജില്ലാ ആസൂത്രണ സമിതി അനുമതി നൽകിയിട്ടില്ല. എയ്ഡഡ് സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകാനാണ് ഉദ്ദേശിക്കുന്നത്. ഗ്രാമപഞ്ചായത്ത് പ്രദേശത്താകെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിനാൽ സർക്കാർ അനുമതി നൽകണമെന്നും ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ii) സമ്പൂർണ ഭവനനിർമ്മാണം എന്ന പ്രോജക്ടിന് ഡി.പി.സി. അനുമതി നൽകിയിട്ടില്ല. 120 കുടുംബങ്ങൾക്ക് 30,000 രൂപ വീതം സബ്സിഡി നൽകുന്നതിന് 36 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പരമാവധി സബ്സിഡി തുകയായ 50,000 രൂപ വകയിരുത്തിയിട്ടില്ല എന്ന കാരണത്താലാണ് ഡി.പി.സി. അനുമതി നൽകാത്തത്. മുൻവർഷങ്ങളിൽ ഇപ്രകാരം കുറവ് സബ്സിഡി തുക വകയിരുത്തി വീടുകളുടെ നിർമ്മാണം തൃപ്തികരമായി പൂർത്തിയാക്കി യിട്ടുണ്ടെന്നും ആയതിനാൽ നടപ്പുവർഷത്തെ പ്രോജക്ടിന് അനുമതി നൽകണമെന്നും ഗ്രാമപഞ്ചായത്ത് ആവശ്യ പ്പെട്ടിട്ടുണ്ട്.

**2.23 വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഫണ്ട് വകയിരുത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾക്ക് അനുമതി.

(1) S.45/08– കമ്മ്യൂണിറ്റി ഹാൾ ഭൗതിക സാഹചര്യം (2.00 ലക്ഷം രൂപ)
(2) S.46/08–പഞ്ചായത്താഫീസ് കെട്ടിടത്തിൽ കൃഷിഭവൻ ഓഫീസ് സജ്ജീകരിക്കൽ (1.00 ലക്ഷം രൂപ)
(3) കംഫർട്ട് സ്റ്റേഷൻ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ (1.00 ലക്ഷം രൂപ)

**2.24 കൊയിലാണ്ടി നഗരസഭ**

നഗരസഭയുടെ തനത് ആസ്തികളുടെ മെയിന്റനൻസിനായി 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള 7 പ്രവൃത്തികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതുകാരണം പ്രവർത്തികൾ നടപ്പാക്കി വരികയാണ്.

| നംപർ | പ്രോജക്ടിന്റെ പേര് | വിഹിതം |
|---|---|---|
| 1 | കളത്തിൽ വേണു സ്മാരക ശിശുമന്ദിരം റിപ്പയർ | 23,000.00 |
| 2 | കൊടക്കാട്ടുമുറി കമ്മ്യൂണിറ്റി ഹാൾ ചുറ്റുമതിൽ | 1,07,000.00 |
| 3 | പുതിയ ബസ് സ്റ്റാന്റ് ഗോവണി, ഗ്രിൽ | 2,93,000.00 |
| 4 | മുനി ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണി (സ്പിൽ ഓവർ) | 1,40,019.00 |
| 5 | മാർക്കറ്റ് റിപ്പയർ (സ്പിൽ ഓവർ) | 53,803.00 |
| 6 | മാർക്കറ്റ് ഡ്രെയിൻ കവറിംഗ് സ്ലാബ് (സ്പിൽ ഓവർ) | 25,000.00 |
| 7 | പഴയ ബസ് സ്റ്റാന്റ് രണ്ടാം നിലയിൽ സംരക്ഷണ ഭിത്തി (സ്പിൽ ഓവർ) | 3,51,813.00 |
| **ആകെ** | | **9,93,635.00** |

തനത് ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടില്ലെന്ന നിർദ്ദേശം നിലവിലുള്ളതായി ഇപ്പോഴാണ് അറിയാൻ കഴിഞ്ഞത്. പ്രസ്തുത പ്രവൃത്തികൾ മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ചുതന്നെ പൂർത്തിയാക്കുന്നതിന് അനുമതി.

**2.25 തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾക്ക് ഡി.പി.സി. അനുമതി നൽകിയിട്ടില്ല.

(1) S.85/08–ബ്ലോക്ക് ക്വാർട്ടേഴ്സ് അറ്റകുറ്റപ്പണി, അഴുക്ക്ചാൽ, ഐ.സി.ഡി.എസ്. സ്റ്റോർ മുറി നിർമ്മാണം. (6,75,000 രൂപ)
(2) S.92/08–ബ്ലോക്ക് ഓഫീസ് കെട്ടിടങ്ങളുടേയും ധർമ്മശാലാ പരിശീലന കേന്ദ്രത്തിന്റെയും വയറിംഗ്. (3,59,134 രൂപ)

മരുന്നുകൾ വാങ്ങുന്നതിനും മറ്റ് അത്യാവശ്യ മെയിന്റനൻസിനും പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ മുകളിൽ സൂചിപ്പിച്ച പ്രോജക്ടുകൾക്ക് സർക്കാർ അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

**2.26 മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 'S.125/09– ഖാദി കേന്ദ്രങ്ങൾക്ക് തറികൾ നൽകൽ' എന്ന പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നൽകിയിട്ടില്ല. ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്ന കാരണത്താലാണ് അനുമതി നൽകാത്തത്.

കണ്ണൂർ സർവോദയ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ ഖാദി കേന്ദ്രത്തിൽ നിലവിൽ 45–ഓളം വനിതകൾ ജോലി നോക്കുന്നുണ്ട്. പുതുതായി 23 പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

**പ്രോജക്ട് ചെലവ്**

| | | |
|---|---|---|
| 1 | 58" തറികൾ (15 എണ്ണം) (15 X 30,000 രൂപ) | 4,50,000.00 രൂപ |
| 2 | മറ്റ് അനുബന്ധ ഉപകരണങ്ങൾ (15 X 5,000 രൂപ) | 75,000.00 രൂപ |
| **ആകെ** | | **5,25,000 രൂപ** |
| 3 | **പരിശീലന ചെലവ്**<br>പ്രതിദിനം 40 രൂപ പ്രകാരം 23 പേർക്ക് 3 മാസത്തെ ഭക്ഷണം (40 X 23 X 75) | 69,000.00 രൂപ |
| 4 | പരിശീലകന്റെ അലവൻസ് (4000 X 3) | 12,000.00 രൂപ |
| **ആകെ** | | **81,000.00 രൂപ** |
| **ആകെ ചെലവ് (1+2+3+4)** | | **6,06,000.00 രൂപ** |

**പ്രോജക്ടിന്റെ വിഭവ സ്രോതസുകൾ**

| | | |
|---|---|---|
| (a) | ഗ്രാമപഞ്ചായത്ത്<br>ഉപകരണം (50%)<br>പരിശീലനം (100%) | <br>2,62,500.00<br>81,000 |
| (b) | ഗുണഭോക്തൃ സ്ഥാപനം | 2,62,500.00 |
| **ആകെ** | | **6,06,000.00** |

**2.27 പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്**

(1) ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥിനികൾക്ക് മേശയും കസേരയും നൽകുന്നതിന് 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ എസ്.സി.പി. പ്രോജക്ടിന് (63,000/– രൂപ) ഡി.പി.സി. അനുമതി നൽകിയിട്ടില്ല.

(2) "പട്ടികജാതി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം" എന്ന പ്രോജക്ടിന് (1,72,500 രൂപ) ഡി.പി.സി. അനുമതി നല്കിയിട്ടില്ല. 75 കുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

രണ്ടുപ്രോജക്ടുകൾക്കും അംഗീകാരം നൽകണമെന്നതാണ് ആവശ്യം.

## 2.28 കരിവെള്ളൂർ ഗ്രാമപഞ്ചായത്ത്

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ S.11/08–വിദ്യാഭ്യാസ ഗുണമേന്മ വർദ്ധക പരിപാടി എന്ന പ്രോജക്ടിന് (1.23 ലക്ഷം രൂപ) സർക്കാർ അനുമതി ആവശ്യമാണെന്ന് ഡി.പി.സി. അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രോജക്ട് പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. **പ്രദർശനം:** ഈ ഗ്രാമപഞ്ചായത്തിലെ 10 പ്രൈമറി വിദ്യാലയങ്ങളിൽ പഠന പ്രവർത്തനത്തിന്റെ ഫലമായുണ്ടായ ഉല്പന്നങ്ങൾ അദ്ധ്യാപകർ വിലയിരുത്തി, മെച്ചപ്പെ 5 വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പരിശീലനം നല്കി ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ, ശാസ്ത്ര പരീക്ഷണങ്ങൾ എന്നിവ "ലീഡ്" സ്കൂൾ കേന്ദ്രീകരിച്ച് പ്രദർശിപ്പിക്കൽ–അതുവഴി പൊതുജനങ്ങൾ, രക്ഷാകർത്താവ് എന്നിവർക്ക് ഇടപെടാനും സാധിക്കുന്നു.
2. **പഠനയാത്ര:** 10 പ്രൈമറി വിദ്യാലയങ്ങളിലെ 500 വിദ്യാർത്ഥികൾക്ക് യാത്ര ഒരു പഠനപ്രവർത്തനമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, അധിക വിവരങ്ങൾ എന്നിവ നല്കി, കേവലമായ ഒരു വിനോദയാത്ര എന്നതിൽ കവിഞ്ഞ് പ്രകൃതി, ആചാരങ്ങൾ, സമൂഹങ്ങൾ എന്നിവയെ അടുത്തറിയുക എന്ന രീതിയിൽ ഒരു പഠനയാത്രയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.
3. **ലൈബ്രറി പുസ്തകം:** വിദ്യാർത്ഥികളിൽ വായനാശീലം, പ്രമുഖ സാഹിത്യകാരന്മാരെ പരിചയപ്പെടൽ, സർഗാത്മകശേഷി–ഇവ വളർത്തൽ ലക്ഷ്യമിടുന്നു.
4. **ദിനാചരണം:** വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർ കൂട്ടായി; ഈ മേഖലയിലെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ, കുട്ടികളുടെ ശാരീരിക–മാനസികപ്രശ്നങ്ങൾ പഠിച്ച് പരിഹാരത്തിന് ശ്രമിക്കൽ എന്നിവ ഇത്തരം ദിനങ്ങളിലൂടെ സാധിക്കുന്നു.
5. **പ്രതിഭ പരിശീലനം:** ലീഡ് സ്കൂൾ നിശ്ചയിച്ച്, കുട്ടികളുടേയും വിദ്യാലയങ്ങളുടേയും കൂട്ടായ്മ സംഘടിപ്പിച്ച് വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വികസം, നേതൃത്വഗുണം, പ്രകൃതി നിരീക്ഷണം, വാനനിരീക്ഷണം എന്നിവ വിദഗ്ദ്ധരുടെ സഹായത്തോടെ വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമിടുന്നു.
6. **അദ്ധ്യാപക പരിശീലനം:** 10 പ്രൈമറി വിദ്യാലയങ്ങളിലെ എൽ.പി. വിഭാഗം അദ്ധ്യാപകരുടെ അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിന് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകൾ സംഘടിപ്പിക്കൽ
7. **പ്രിന്റഡ് മാഗസിൻ:** തെരഞ്ഞെടുത്ത കുട്ടികളുടെ സർഗ്ഗാത്മകശേഷി കണ്ടെത്തി വികസിപ്പിക്കുന്നതിന് സൃഷ്ടികൾ സ്വീകരിച്ച് മാഗസിൻ തയ്യാറാക്കൽ.

## 2.29 ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'സുരക്ഷ–ശിശുക്കൾ, വൃദ്ധർ, വികലാംഗർ എന്നിവർക്ക് പ്രത്യേക പദ്ധതി' ക്ക് അനുമതി നല്കണമെന്നതാണ് ആവശ്യം.

2008–09 മുതൽ 2012–13 വരെ അഞ്ച് വർഷക്കാലയളവിൽ നടപ്പാക്കുന്ന ഒരു ബഹുവർഷപ്രോജക്ടാണ്. 926.86 ലക്ഷം രൂപയാണ് പ്രോജക്ട് അടങ്കൽ തുക. ബാങ്ക് വായ്പ, വികലാംഗ ക്ഷേമ കോർപ്പറേഷൻ, എൻ.ആർ.എച്ച്.എം., വിദ്യാഭ്യാസ വകുപ്പ്, ത്രിതല പഞ്ചായത്തുകൾ എന്നിങ്ങനെ വിവിധ സ്രോതസുകളിലെ വിഹിതം സമന്വയിപ്പിച്ചാണ് പ്രോജക്ട് നടപ്പാക്കുന്നത്.

**പ്രോജക്ട് പ്രവർത്തനങ്ങൾ**

(i) സുരക്ഷാ പദ്ധതി പ്രവർത്തനം 5 വർഷം പിന്നിടുമ്പോൾ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലെ 7 ഗ്രാമ പഞ്ചായത്തുകളിലെയും ശിശുക്കൾ, വൃദ്ധർ, വികലാംഗർ, പാലിയേറ്റീവ് കെയർ ആവശ്യമുള്ള മുഴുവൻ കുടുംബങ്ങൾ എന്നിവരെ കണ്ടെത്തുന്നതിനും അപ്രാപ്തി എന്തൊക്കെ യെന്നും അപ്രാപ്തി ഉള്ളവരെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ ക്കുറിച്ച് സമൂഹത്തിന് ബോധ്യപ്പെടുത്തുന്നതിനും മുഖ്യധാര ജീവിതത്തി ലേക്ക് അവരെക്കൂടി സഹകരിപ്പിച്ച് തുല്യ അവസരങ്ങൾ ലഭിക്കാനുതകുന്ന സാഹചര്യം സൃഷ്ടിക്കാൻ സാധിക്കുന്നു.

(ii) ദേശീയ ഗ്രാമീണ ആരോഗ്യമിഷന്റെ ആഭിമുഖ്യത്തിൽ ബ്ലോക്ക് ആസ്ഥാനത്തോ, ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് പ്രദേശത്തോ 20 സെന്റ് സ്ഥലം ലഭ്യമാകുന്നിടത്ത് സ്ഥിരമായി കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളോടുംകൂടി ഒരു "ശൈശവ വൈകല്യ ലഘൂകരണ കേന്ദ്രം" സ്ഥാപിക്കുന്നതുവഴി പ്രസ്തുത കേന്ദ്രത്തിലൂടെ ഗർഭാവസ്ഥയിലുള്ള ശിശുക്കൾ മുതൽ ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിനും വൈകല്യ സാധ്യതകൾ ഉണ്ടോയെന്ന് നേരത്തെ തന്നെ കണ്ടുപിടിച്ച് സർജിക്കൽ കറക്ഷൻസ് ഉൾപ്പെടെ ആവശ്യമായ ക്രമീകരണങ്ങളിലൂടെ വൈകല്യം ലഘൂകരിക്കുന്നതിനുള്ള സമഗ്രമായ പരിപാടികളിലൂടെ ബ്ലോക്ക് പ്രദേശത്ത് ഭാവിയിൽ ഉണ്ടായേക്കാവുന്ന വൈകല്യം പരമാവധി ലഘൂകരിക്കാൻ സാധിക്കും.

(iii) മാനസിക വൈകല്യമുള്ള കുട്ടികളുടെ പ്രശ്നങ്ങൾ കാരണം ഇതനുഭവിക്കുന്ന രക്ഷിതാക്കൾക്കും പലപ്പോഴും സാമൂഹ്യമായ ഇടപെടലുകൾക്ക് കഴിയാതെയും തൊഴിൽ ചെയ്യാൻ പറ്റാതെയും ദാരിദ്ര്യത്തിന്റെയും മറ്റ് ബുദ്ധിമുട്ടുകളുടേയും പ്രയാസങ്ങൾകൊണ്ട് നട്ടംതിരിയുമ്പോൾ പഞ്ചായത്ത് തലങ്ങളിൽ ബഡ്സ് മാതൃകയിൽ രൂപീകരിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലൂടെ ഇത്തരം കുട്ടികൾക്ക് വിദ്യാഭ്യാസവും ചികിത്സയും പരിചരണവും നൽകാൻ

സാധിക്കുന്നു. അതുവഴി രക്ഷിതാക്കൾക്ക് പകൽമുഴുവനും കുട്ടികൾക്ക് കൂട്ടിരിക്കേണ്ട അവസ്ഥ ഒഴിവാക്കാനും തൊഴിലിനും സാമൂഹ്യ ഇടപെടലുകൾക്കും അവസരം ലഭ്യമാകുന്നു. സ്കൂളിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതോടെ വിദ്യാഭ്യാസ വകുപ്പിൽ സ്പെഷ്യൽ സ്കൂൾ വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത് മറ്റ് ആവർത്തന ചെലവുകൾ കണ്ടെത്താൻ സാധിക്കുന്നതുവഴി പഞ്ചായത്തിന് സാമ്പത്തിക ബാധ്യത ഇല്ലാതെ ഈ വിധം കുട്ടികളെ പുനരധിവസിപ്പിക്കുവാൻ സാധിക്കുന്നു. കൂടാതെ രക്ഷിതാക്കൾക്ക് നൽകുന്ന പ്രത്യേക പരിശീലനത്തിലൂടെ കുട്ടികളുടെ ദിനചര്യകൾ സ്വയം നിവർത്തിക്കുന്ന രീതിയിൽ എത്തിക്കുവാനും സമൂഹത്തിലേക്ക് ഇവരെ മാറ്റുന്നതിനും സാധിക്കുന്നു.

(iv) ചലനശേഷി തീരെ ഇല്ലാത്ത, വീടിന് പുറത്തിറങ്ങാൻ കഴിയാത്ത കുട്ടികൾക്കായി പ്രത്യേക പരിശീലനം സിദ്ധിച്ച അദ്ധ്യാപകരേയും ചികിത്സയും പരിചരണവും ഹോം സ്കൂൾ പദ്ധതിയിലൂടെ എത്തിക്കുക വഴി വൈകല്യ ത്തിന്റെ തീവ്രത അനുഭവിക്കുന്ന മുക്കിലും മൂലയിലുമുള്ള ഓരോ വീട്ടിലും കടന്നുചെന്ന് സാമൂഹ്യാധിഷ്ടിത പുനരധിവാസ പ്രവർത്തനങ്ങൾ നടത്താനും സാധിക്കുന്നു.

(v) രക്ഷിതാക്കളുടെ സംഘടനകൾക്ക് രൂപം നൽകി അവർക്കും കുട്ടികൾക്കും ആവശ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകി ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതി (SGSY) കളിലെ സബ്സിഡി തുക ഉപയോഗിച്ച് തൊഴിൽ സംരംഭങ്ങൾക്ക് രൂപം നൽകി ഇവരുടെ ഉല്പന്നങ്ങൾക്ക് വികലാംഗക്ഷേമ കോർപ്പറേഷന്റെയും കുടുംബശ്രീ യുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിപണി കണ്ടെത്തി വരുമാനവർദ്ധനവിലൂടെ ഈ കുടുംബങ്ങളെ സ്വയം പര്യാപ്തതയിലെത്തി ക്കാവുന്നതാണ്.

(vi) വർഷങ്ങളായി വീടുകളിൽ സ്ഥിരം രോഗികളായി കിടപ്പിലായ കുടുംബങ്ങളും കാൻസർപോലുള്ള മാരകരോഗങ്ങൾ വന്ന് കിടപ്പിലായവരും വൈകല്യങ്ങളുടെ തീവ്രതയാൽ ആരാരും നോക്കാൻ ഇല്ലാതെയും, ഉണ്ടെങ്കിൽ തന്നെയും എല്ലാതരത്തിലും കഷ്ടപ്പെടുന്ന കുടുംബങ്ങളെ ഓരോ പഞ്ചായത്തിലും കണ്ടെത്തി, അവർക്കാവശ്യമായ ഭക്ഷണം, മരുന്ന്, ചികിത്സ, പരിചരണം നൽകുന്നതുവഴി ഇത്തരം കുടുംബങ്ങൾക്ക് **ഹോം കെയർ** പ്രവർത്തന ങ്ങളിലൂടെ ആശ്വാസം പകരാൻ സാധിക്കുന്നു. ഇത്തരം ആൾക്കാരുടെ സ്ഥായിയായ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുതന്നെ കുടുംബശ്രി സംവിധാന ത്തിലൂടെയും, ആശ്രയ പദ്ധതികളിലൂടെയും, പൊതുജനങ്ങളുടെയും, സ്ഥാപനങ്ങളുടെയും സംഭാവനകളും മറ്റും സ്വരൂപിച്ച് ഈ പ്രവർത്തനം തുടരേണ്ടതാണ്.

(vii) 5 വർഷത്തെ പ്രവർത്തനത്തിലൂടെ പദ്ധതിയ്ക്കാവശ്യമായ സാമ്പത്തികവും, പങ്കാളിത്തവും നൽകി സഹകരിക്കുന്ന സ്ഥാപനങ്ങളുടെ സഹായങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ആവശ്യാനുസരണം പദ്ധതി തുടർന്ന് നടത്താവുന്ന താണ്.

**2.30 ഔഷധി**

കേരളത്തിലെ സർക്കാർ ആയുർവ്വേദ ആശുപത്രികൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ആവശ്യമുളള ആയുർവ്വേദ ഔഷധങ്ങൾ മിതമായ നിരക്കിൽ ഗുണനിലവാരം കാത്തുസൂക്ഷിച്ച് വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഔഷധി. കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഔഷധിക്ക് GMP, ISO 9001–2000 സർട്ടിഫി ക്കറ്റുകൾ ലഭിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മരുന്നുവിതരണത്തിന് ഔഷധിക്കുപുറമെ തൃശ്ശൂരിലെ അഞ്ചേരിയിലുള്ള ആയൂർധാര, കണ്ണൂരിലെ ആരോഗ്യഫാർമ, കൊല്ലത്തെ ഭേഷജം എന്നീ സഹകരണ സ്ഥാപനങ്ങൾക്കും അനുവാദം കൊടുത്തിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ ഔഷധി പ്രദർശിപ്പിക്കുന്ന പ്രതിബദ്ധത ഔഷധ നിർമ്മാണ രംഗത്ത് കാണിക്കുന്നുണ്ടോയെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. സംസ്ഥാനത്തെ ആയൂർവ്വേദ ഔഷധ നിർമ്മാണരംഗത്ത് അഴിമതി ഉൾപ്പെടെ തെറ്റായ പ്രവണതകൾ ചില സഹകരണസ്ഥാപനങ്ങൾമൂലം ഉടലെടുക്കാൻ സാധുതയുണ്ട്.

കണ്ണൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന "ആരോഗ്യഫാർമക്ക്" തദ്ദേശസ്വയം ഭരണവകുപ്പ് കൊടുത്തിരിക്കുന്ന ഉത്തരവിൽ "ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഗുണനിലവാരം ഉറപ്പുവരുത്തിയ മരുന്നുകൾ" വിതരണം ചെയ്യാനാണ് അനുമതി കൊടുത്തിട്ടുള്ളത്. ഇതേ സ്ഥാപനത്തിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നൽകിയ ഉത്തരവിൽ ഔഷധിക്ക് ഉല്പാദിപ്പിക്കാനാവാത്ത ഔഷധങ്ങൾ നിബന്ധനകൾക്ക് അടിസ്ഥാനത്തിൽ വിതരണം ചെയ്യാനാണ് അനുമതി. ഇതേ ഉത്തരവിൽ ആരോഗ്യഫാർമയുടെ ഔഷധങ്ങളുടെ വില കാലാകാലങ്ങളിൽ ഔഷധി തന്നെ നിശ്ചയിക്കേണ്ട താണെന്നും, ഔഷധി ഇതേ ഔഷധങ്ങൾ സ്വന്തമായി ഉല്പാദിച്ചിരുന്ന മുറയ്ക്ക് വിതരണം ഔഷധി തന്നെ നടത്തണമെന്നും പറഞ്ഞിട്ടുണ്ട്. ആരോഗ്യഫാർമയുടെ പ്രസിഡന്റ് നടത്തിയ സത്യപ്രസ്താവനയിൽ ഔഷധി നിശ്ചയിക്കുന്ന വിലയ്ക്കും ഡ്രഗ്സ് കൺട്രോളർ നിഷ്ക്കർഷിക്കുന്ന ഗുണനിലവാരത്തിലും മരുന്ന് വിതരണം നടത്താമെന്നും സമ്മതിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ നിബന്ധനകൾ ആരോഗ്യഫാർമ പാലിച്ചിട്ടുള്ളതായി രേഖാമൂലം ഒരറിയിപ്പും ഔഷധിക്ക് കിട്ടിയിട്ടില്ല.

ഔഷധിക്ക് ലഭിക്കേണ്ട ഓർഡറുകൾ, ശരിയായ രീതിയിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തിയിട്ടില്ലാത്ത ആരോഗ്യഫാർമ പോലുള്ള സഹകരണ സംഘങ്ങൾക്ക് നൽകാൻ അനുവദിച്ചാൽ ഔഷധിയിൽ വൻതുക ചെലവഴിച്ച് പ്രവർത്തിക്കുന്ന നിർമ്മാണ സാമഗ്രികൾക്ക് വേണ്ടത്ര ഉപയോഗം ഉണ്ടാവാതെ വരും. ഇവിടെ ജോലി ചെയ്യുന്ന 500-ലധികം ജീവനക്കാരെയും ഇത് പ്രതികൂലമായി ബാധിക്കും. എല്ലാ വർഷവും സർക്കാരിന് ഡിവിഡന്റ് കൊടുക്കുന്ന സ്ഥാപനമാണ് ഔഷധി.

ഈ സാഹചര്യങ്ങൾ പരിശോധിച്ച് കണ്ണൂരിലെ ആരോഗ്യഫാർമ പോലുള്ള സഹകരണ സംഘങ്ങൾക്ക് ആയുർവ്വേദ ഔഷധങ്ങൾ വിതരണം ചെയ്യാനുള്ള അനുമതി പിൻവലിക്കണമെന്ന് ഔഷധി അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആയുർവ്വേദ ഔഷധ നിർമ്മാണ വിതരണം പൂർണ്ണമായി ഔഷധിക്ക് നടത്താനാവുമെന്നതിനാൽ ഭാവിയിൽ സഹകരണ മേഖലയിൽനിന്നോ സ്വകാര്യ മേഖലയിൽനിന്നോ സർക്കാർ ആയുർവ്വേദ ഔഷധ വിതരണത്തിനായി വരുന്ന അപേക്ഷകൾ പരിഗണിക്കരുത് എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

**2.31 ഏലൂർ ഗ്രാമപഞ്ചായത്ത്**

(i) 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ "സാന്ത്വന പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണ" പദ്ധതിക്ക് (വികസന ഫണ്ട് 1.00 ലക്ഷം രൂപ) അനുമതി. പക്ഷാഘാതം, നട്ടെല്ലിന് ക്ഷതം, വൃക്കരോഗങ്ങൾ, മാനസിക രോഗങ്ങൾ, ക്യാൻസർ, എയ്ഡ്സ്, ഹൃദയ-ശ്വാസകോശ രോഗങ്ങൾ, വാർദ്ധക്യസഹജമായ രോഗങ്ങൾ തുടങ്ങിയവ കാരണം ദുരിതമനുഭവിക്കുന്നവർക്ക് പാലിയേറ്റീവ് ക്ലീനിക്കിൽവച്ചും വീട്ടിൽവച്ചും പരിചരണം നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്.

**പ്രോജക്ട് ചെലവ്**

| | |
|---|---|
| സന്നദ്ധ പ്രവർത്തകരുടെ പരിശീലനം 100 വോളന്റിയർമാർക്ക് 16 മണിക്കൂർ (4 മണിക്കൂർ വീതം 4 ദിവസം) ഒരു ആൾക്ക് 25 രൂപ ഒരു ദിവസം എന്ന ക്രമത്തിൽ 100x4xRs.25 (പരിശീലകനുള്ള യാത്ര ബത്ത ഉൾപ്പെടെ) | 10,000.00 രൂപ |
| ആഴ്ചയിലൊരിക്കൽ നഴ്സസ് ഹോം കെയറിനുള്ള ചെലവ് (ജൂൺ 2008 മുതൽ മാർച്ച് 2009 വരെ 49 ആഴ്ച Rs.300 ക്രമത്തിൽ 49x Rs.30) | 14,700.00 രൂപ |
| പാലിയേറ്റീവ് പരിചരണത്തിൽ പരിശീലനം ലഭിച്ച ഡോക്ടറുടെ മാസ വേതനം | 7,000.00 രൂപ |
| വാഹനചെലവ്, ഡ്രൈവറുടെ വേതനം | 5,000.00 രൂപ |
| ഭക്ഷണചെലവ് (ഹോം കെയർ ടീമിന്) | 6,000.00 രൂപ |
| വാട്ടർ ബെഡ്, വീൽ ചെയർ മുതലായവ | 20,000.00 രൂപ |
| ഹോം കെയർ കിറ്റ് | 7,000.00 രൂപ |
| മരുന്നുകൾ | 50,000.00 രൂപ |
| ഡോക്യുമെന്റേഷൻ, അഡ്മിനിസ്ട്രേഷൻ (ചാർട്ട്, റിപ്പോർട്ട് എന്നിവ തയ്യാറാക്കൽ, പ്രിന്റിംഗ്, കത്തിടപാടുകൾ, ഫോൺ ചെലവ് മുതലായവ) | 5,000.00 രൂപ |
| **ആകെ** | **1,24,700.00 രൂപ** |

(ii) ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള രണ്ട് സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടർ അദ്ധ്യാപകരുടെ അഭാവം കാരണം വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകാൻ കഴിയുന്നില്ല. ആയതിനാൽ രണ്ട് സ്കൂളുകളിലും താല്ക്കാലികമായി കമ്പ്യൂട്ടർ അദ്ധ്യാപകരെ നിയമിക്കുന്നതിനും അവർക്ക് പ്രതിമാസം 1500 രൂപ വീതം വേതനം അനുവദിക്കുന്നതിനും അനുമതി നൽകണമെന്ന ആവശ്യം.

**2.32 കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

പുല്ലൂർ–പെരിയ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഗവൺമെന്റ് ഐ.ടി.ഐ. പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ വിട്ടുകൊടുത്തിട്ടുണ്ട്. കെട്ടിടത്തിൽ ത്രീഫേസ് വൈദ്യുതി കണക്ഷനും ഫർണിച്ചറും ആവശ്യമുണ്ട്. പ്രസ്തുത ആവശ്യത്തിലേക്ക് ജില്ലാ പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ വിനിയോഗിക്കുവാൻ അനുമതി.

**2.33 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

(i) പരിഹാര വകയിരുത്തൽ നടത്തിയതിനുശേഷം പൊതു വിഭാഗം പശ്ചാത്തല മേഖലയിൽ 20 ലക്ഷം രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. അതുകാരണം സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുവാൻ മതിയായ തുക നടപ്പുവർഷം വകയിരുത്താൻ കഴിയുന്നില്ല. ആയതിനാൽ സ്പിൽഓവർ പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടുകളായി പൂർത്തീകരിക്കുന്നതിന് അനുമതി.

(ii) മെയിന്റനൻസ് ഫണ്ട് വിഭാഗത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് മുൻവർഷങ്ങളിൽ ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അംഗീകാരം ആവശ്യമില്ലാതിരുന്നതിനാൽ പ്രൊഫോർമ പൂരിപ്പിച്ച് ഡാറ്റാ എൻട്രി ചെയ്ത് വിവരവ്യൂഹത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത പ്രോജക്ടുകളുടെ പെയ്മെന്റ് നൽകുന്നതിനായി ഒരു പുതിയ പ്രോജക്ട് നടപ്പുവർഷം നിർദ്ദേശിച്ചുവെങ്കിലും സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പ് തർക്ക പ്രോജക്ടുകളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പുതിയ പ്രോജക്ട് എന്ന നിലയിൽ തന്നെ തുക വിനിയോഗിക്കുന്നതിന് അനുമതി.

**2.34 ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ മെയിന്റനൻസിന് ആവശ്യമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 14 ലക്ഷം രൂപ 4 അംഗൻവാടി കെട്ടിടങ്ങളുടെ മെയിന്റനൻസിനാണ് നീക്കിവെച്ചിട്ടുള്ളത്. അംഗൻവാടികൾ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണ ത്തിലുള്ള സ്ഥാപനമല്ലാത്തതിനാൽ പ്രോജക്ടുകൾക്ക് പ്രത്യേക അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

**2.35 തൃക്കടവൂർ ഗ്രാമപഞ്ചായത്ത്**

ശിവോദയം ഐ.എച്ച്.എസി.ഡി.പി. കോളനിയിലെ 10 വീടുകൾ പുനരുദ്ധരിക്കുന്നതിന് 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടിന് (3,06,119 രൂപ) അനുമതി.

നിലവിലുള്ള മാനദണ്ഡപ്രകാരം 15,000 രൂപ മാത്രമേ പുനരുദ്ധാരണത്തിന് അനുവദിക്കാൻ കഴിയുകയുള്ളൂ. 15,000 രൂപ കൊണ്ട് പ്രസ്തുത കോളനിയിലെ വീടുകളുടെ പുനരുദ്ധാരണം നടത്താൻ കഴിയുകയില്ല. വീടുകളുടെ ശോച്യാവസ്ഥ കണക്കിലെടുത്താണ് ഒരു പ്രവൃത്തി എന്ന രീതിയിൽ പുനരുദ്ധാരണ പ്രവൃത്തി ഏറ്റെടുത്തത്. അതിനാൽ പ്രത്യേക അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

**2.36 അയ്മനം ഗ്രാമപഞ്ചായത്ത്**

കുടിവെള്ള സ്കീമുകളുടെ അറ്റകുറ്റപ്പണി, ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണം, മത്സ്യ മാർക്കറ്റ് പൂർത്തീകരണം എന്നീ മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾക്ക് ഡി.പി.സി. അനുമതി നൽകാത്തതിനാൽ സർക്കാർ അനുമതി നൽകണമെന്ന ആവശ്യം

**2.37 വളാഞ്ചേരി ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ വിട്ടുപോയ ചുവടെ ചുവടെ ചേർത്തിട്ടുള്ള രണ്ട് പ്രോജക്ടുകൾ പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി.

(1) സംയുക്ത ഭവന പദ്ധതി

(2) ദുർബല വിഭാഗം വീടിന്റെ ഗുണമേന്മ വർദ്ധനവ്.

രണ്ട് പ്രോജകടുകളും 2007–08 വാർഷിക പദ്ധതിയിൽ നിർവഹണം ആരംഭിച്ചതാണ്. പൂർത്തിയാക്കാൻ തനത് ഫണ്ട് വകയിരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**2.38 കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്.**

(1) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വേണ്ടി കഴിഞ്ഞ 12 വർഷമായി സ്പെഷ്യൽ സ്കൂൾ പ്രവർത്തിച്ചു വരുന്നു. വാഹനത്തിലാണ് കുട്ടികളെ സ്കൂളിൽ ദിവസവും എത്തിക്കുന്നത്. രാവിലെ ചായ, ഉച്ചയ്ക്ക് ഭക്ഷണം, ആഴ്ചയിൽ ഒരു ദിവസം പാൽ, മുട്ട എന്നിവ നൽകി വരുന്നു. പരിശീലനം സിദ്ധിച്ച അധ്യാപകരെയും ഒരു ഹെൽപ്പറെയും നിയമിച്ചിട്ടുണ്ട്. ചെലവുകൾ പൂർണ്ണമായും തനത് ഫണ്ടിൽ നിന്നാണ് വഹിച്ചു വരുന്നത്. ഇപ്രകാരം തുക വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്ന് ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ സ്കൂൾ തുടർന്നും നടത്തുന്നതിന് സർക്കാർ അംഗീകാരം നൽകണമെന്ന ആവശ്യം.

(2) ആകെ മൂന്ന് പകൽ വീടുകൾ ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടെണ്ണം പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ഒന്ന് പൊതു വിഭാഗത്തിനും മറ്റൊന്ന് പട്ടികജാതി– പട്ടികവർഗ വിഭാഗത്തിനും.

കോളനികൾ കേന്ദ്രീകരിച്ചാണ് അവ നടത്തുന്നത്. രാവിലെ ചായ, ഉച്ചയ്ക്ക് ഭക്ഷണം എന്നിവ നൽകുന്നു. വീടുകളിൽ വിശ്രമിക്കുന്നതിന് സൗകര്യമല്ലാത്ത തിനാലാണ് തനത്ഫണ്ട് വിനിയോഗിച്ച് പകൽവീട് പ്രവർത്തിപ്പിച്ചു വരുന്നത്. പ്രോജക്ട് തുടർന്നും നടപ്പാക്കുന്നതിന് അനുമതി.

**2.39 കാളികാവ് ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ കാർഷിക വിഞ്ജാന കേന്ദ്രം എന്ന പ്രോജ്ടിന് (80,000 രൂപ) ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടില്ല.

കർഷകർക്ക് നൂതന കൃഷി രീതികളെക്കുറിച്ച് അറിവ് നേടാനും പുതിയ സാങ്കേതിക വിദ്യകൾ നേരിൽ കണ്ട് മനസിലാക്കാനുമായി കൃഷി ഭവനോട് ചേർന്ന് കൃഷി വിജ്ഞാന കേന്ദ്രം സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. എൽ.സി.ഡി. പ്രോജക്ടർ, പ്രിന്റർ, യു.പി.എസ്, സ്കാനർ, ലൈബ്രറിക്ക് അലമാരകൾ, പുസ്തകങ്ങൾ, ഡിസ്പ്ലെ ബോർഡ്, സി.ഡി.കൾ എന്നിവയാണ് വിവിധ ചെലവിനങ്ങൾ.

**2.40 മൈലപ്ര ഗ്രാമപഞ്ചായത്ത്**

റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് തെരുവു വിളക്കുകളുടെ കറണ്ട് ചാർജ്ജ് അടയ്ക്കുവാൻ നിർദ്ദേശിച്ച പ്രോജക്ടിന് (1,75,000 രൂപ) ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടില്ല. പത്തനംതിട്ടയിൽ നിന്നും ശബരിമലയ്ക്ക് തീർത്ഥാടകർ പോകുന്ന റോഡ് ഈ ഗ്രാമപഞ്ചായത്തിലൂടെയാണ് കടന്നു പോകുന്നത്. തനതു വരുമാനം കുറവായതിനാലാണ് ഇപ്രകാരം പ്രോജക്ട് ഉൾപ്പെടുത്തിയത്. പ്രോജക്ടിന് അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടുണ്ട്.

**2.41 കൊടുമൺ ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതയിൽ പൊതുവിഭാഗത്തിലും പ്രത്യേക ഘടക പദ്ധതിയിലും ഉൾപ്പെടുത്തിയ സമഗ്ര വിദ്യാഭ്യാസ പ്രോജക്ടുകൾക്ക് (യഥാക്രമം 2.20 ലക്ഷം രൂപ, 3.75 ലക്ഷം രൂപ) ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടില്ല. മുൻവർഷങ്ങളിൽ നടപ്പാക്കി വരുന്നതിന്റെ തുടർ പദ്ധതികളാണ് ഇവ.

ബോധവർക്കരണം, പരിശീലനം, തുടർപ്രവർത്തനങ്ങൾ എന്നിവയാണ് പ്രോജക്ട് പ്രവർത്തനങ്ങൾ. എയ്ഡഡ് സ്കൂളുകളിൽ ഉൾപ്പെടെയാണ് പ്രോജകട് നടപ്പാക്കുന്നത്.

**2.42 അയർക്കുന്നം ഗ്രാമപഞ്ചായത്ത്**

ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടില്ല.

(1) ട–121/08– ബസ് സ്റ്റാൻഡ് ടാറിംഗ് – മെയിന്റനൻസ് ഫണ്ട് 2,30,500
(2) ട–77/09 പഞ്ചായത്ത് ഓഡിറ്റോറിയം അറ്റകുറ്റപ്പണി – മെയിന്റനൻസ് ഫണ്ട്– 4,05,134 രൂപ
(3) ട–31/09 – മെഡിക്കൽ ക്യാമ്പ് – വികസന ഫണ്ട് – 25,000 രൂപ
(4) ട–40/09 – പുറമ്പോക്ക് നിവാസികളുടെ പുനരുദ്ധാരണം

പുറമ്പോക്കുകളിൽ താമസിച്ചിരുന്ന 35 കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വാങ്ങി നൽകിയ സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇനിയും 5 കുടംബങ്ങളെ മാറ്റി പാർപ്പിക്കാൻ അവശേഷിക്കുന്നുണ്ട്. വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് കഴിഞ്ഞ വർഷം കെട്ടിടത്തിന്റെ തറയും മേൽക്കൂരയും 2.50 ലക്ഷം രൂപ ഉപയോഗിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ തികച്ചും നിർദ്ധനരാണ്. വാസയോഗ്യമായ വീട് നിർമ്മിച്ചെങ്കിൽ മാത്രമേ അവരെ മാറ്റി പാർപ്പിക്കാൻ കഴിയുകയുള്ളൂ. 50,000 രൂപ സബ്സിഡി എന്ന മാനദണ്ഡം ഒഴിവാക്കി വീട് പണിയുന്നതിന് ആവശ്യമായ തുക (1.50 ലക്ഷം രൂപ) ചെലവഴിക്കുന്നതിനാണ് അനുമതി ആവശ്യപ്പെട്ടിട്ടുള്ളത്.

**2.43 കോട്ടയം ജില്ലാ പഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള രണ്ട് പ്രോജക്ടുകൾക്ക് അനുമതി.

(1) കോട്ടയത്തിന് ഒരു എയർ സ്ട്രിപ്പ്– (10.00 ലക്ഷം രൂപ) കിറ്റ്കോ മുഖേന സാധ്യതാപഠനം നടത്തുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്.

(2) തലയോലപ്പറമ്പ് എ.ജെ.ജോൺ മെമ്മോറിയൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് ബസ് വാങ്ങൽ – 10.00 ലക്ഷം രൂപ.

**2.44 മാർഗദീപ്തി ചാരിറ്റബിൾ ട്രസ്റ്റ്, ചിറ്റൂർ, പാലക്കാട്**

പാലക്കാട് ജില്ലയെ മനോരോഗ വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2007 ജനുവരിയിൽ ആരംഭിച്ച് ജില്ലയിലെ 91 ഗ്രാമപഞ്ചായത്തുകളിലും 4 നഗരസഭ കളിലും മാർഗ്ഗദീപ്തി ചാരിറ്റബിൾ ട്രസ്റ്റ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൗജന്യമനോരോഗ ചികിത്സാപദ്ധതി. സൗജന്യ മനോരോഗ ചികിത്സയുടെ ഭാഗ മായി ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നടക്കുന്ന മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുകൾ, അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ ഫണ്ട് ഉപയോഗിച്ചുവാങ്ങി രോഗികൾക്ക് നേരിട്ടോ മാർഗ്ഗദീപ്തി ട്രസ്റ്റ് മുഖേനയോ വിതരണം ചെയ്യുന്നതിന് അനുകൂലമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് മാർഗ്ഗദീപ്തി ചാരിറ്റബിൾ ട്രസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

**സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ട്:-**

പാലക്കാട് ജില്ലയെ രണ്ടുഭാഗമായി തിരിച്ച് മനോരോഗവിദഗ്ദ്ധനായ ഡോ. ശിവതാണുപിള്ളയുടെ നേതൃത്വത്തിൽ ഒരു ടീമും മനോരോഗ വിദഗ്ദ്ധയായ ഡോ. ബിന്ദുമേനോന്റെ നേതൃത്വത്തിൽ ഒരു ടീമും ട്രസ്റ്റിന്റെ സ്വന്തം വാഹനത്തിൽ മരുന്നുകളുമായി ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും മാസത്തിൽ ഒരുതവണ സന്ദർശിച്ച് പാവപ്പെട്ട മനോരോഗികൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന പദ്ധതിയാണിത്. ട്രസ്റ്റിന്റെ ഇപ്പോഴത്തെ കണക്കനുസരിച്ച് 2549 രോഗികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഏതാണ്ട് 1824 മനോരോഗികൾ ചികിത്സയ്ക്കായി ആഗസ്റ്റ്മാസം ക്യാമ്പിൽ പങ്കെടുത്തിട്ടുണ്ട്. ഓരോ രോഗിയുടേയും കേസ്സ് ഷീറ്റ് പഞ്ചായത്ത് തിരിച്ച് ട്രസ്റ്റിന്റെ ആഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ക്യാമ്പ് നടത്തുന്ന തീയതി ഏതാണെന്ന് തൊട്ടു മുമ്പിലുള്ള മാസത്തിലെ ക്യാമ്പിൽത്തന്നെ അറിയിക്കുകയും അതനുസരിച്ച് ക്യാമ്പ് നടത്തുകയുമാണ് ചെയ്യുന്നത്. കൂടാതെ ക്യാമ്പിന്റെ അറിയിപ്പ് ദിനപ്പത്രങ്ങൾ മുഖേനയും നൽകാറുണ്ട്. ഒരു ആഴ്ചയിൽ 5 ദിവസമാണ് ക്യാമ്പ് നടത്താറ്. ഏതെങ്കിലും സാഹചര്യത്തിൽ ക്യാമ്പ് നടത്താൻ സാധിക്കാതെ വന്നാൽ ക്യാമ്പ് ആ ആഴ്ചയിലെ ശനിയാഴ്ച നടത്താറുണ്ട്. ഇതിനുപുറമെ രോഗശമനം വന്ന മനോരോഗികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി പട്ടാമ്പിക്കടുത്ത് ഓങ്ങല്ലൂരിൽ ഒരു മുഴുവൻ സമയ പുനരധിവാസ കേന്ദ്രവും ട്രസ്റ്റിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. വിശ്രമത്തിനും വിനോദത്തിനുമുള്ള സൗകര്യങ്ങളേർപ്പെടുത്തിയും അനുയോജ്യമായ ചെറിയ തൊഴിലുകൾ ചെയ്യിച്ചും അവരുടെ മനോനില സാധാരണനിലയിലാക്കുകയാണ് ലക്ഷ്യം. ഇവിടെ ഡോക്ടറുടെ സേവനം, താമസം, എല്ലാനേരത്തും ഭക്ഷണം തുടങ്ങിയവയടക്കം ഒരു രോഗിയിൽ നിന്നും പ്രതിമാസം 4000/- രൂപ മുതൽ 10000/- രൂപവരെ ഈടാക്കുന്നുണ്ട്.

അടുത്ത 10 വർഷംകൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന നിരവധി പദ്ധതികൾക്ക് ട്രസ്റ്റ് രൂപം നൽകിയിട്ടുണ്ട്. മുൻഗണനാക്രമമനുസരിച്ച് ചില പദ്ധതികൾ താഴെ ചേർക്കുന്നു.

2008 മനോരോഗികൾക്ക് മാത്രമായി അത്യന്താധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ചികിത്സാകേന്ദ്രം

2009 അതിവിശാലമായ ഒരു പുനരധിവാസകേന്ദ്രം-പൂർണമായും സൗജന്യം, മിതമായ നിരക്കിലുള്ളത്, ഉയർന്നനിരക്കിലുള്ളത് എന്നിങ്ങനെ മൂന്ന് തലങ്ങൾ ഇതിനുണ്ടായിരിക്കും.

2010 പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പ്രാദേശിക പുനരധിവാസ കേന്ദ്രങ്ങളും പകൽ ശുശ്രൂഷാകേന്ദ്രങ്ങളും.

സമൂഹത്തിന്റെ വിവിധ നിലകളിൽ ഉള്ള നിരവധി റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരും മറ്റുസന്നദ്ധ പ്രവർത്തകരുമാണ് ഈ ട്രസ്റ്റിന്റെ ഇപ്പോഴത്തെ ട്രസ്റ്റികൾ. ശ്രീ. ജയപാലമേനോനാണ് ഇപ്പോഴത്തെ മാനേജിംഗ് ട്രസ്റ്റി. ശ്രീ. ജയപാലമേനോന്റെ മക്കൾ ബാംഗ്ലൂരിൽ ബിസിനസ്സുകാരാണ്. ഇവരും ചില സന്നദ്ധ പ്രവർത്തകരും നൽകുന്ന സഹായംകൊണ്ടാണ് ഈ ചാരിറ്റബിൾ ട്രസ്റ്റ് ഇപ്പോൾ പാവപ്പെട്ട മനോരോഗികൾക്ക് മാസംതോറും ചികിത്സ നൽകുന്നത് എന്ന കാര്യം ശ്രീ. ജയപാലമേനോൻ അറിയിച്ചു. ഒരു രോഗിയുടെ ഒരു മാസത്തെ ചികിത്സയ്ക്കായി മരുന്നിനുമാത്രം 500/- രൂപയോളം ചെലവുണ്ടെന്നും ഈ മരുന്നുകൾ ഇപ്പോൾ സൗജന്യമായാണ് രോഗികൾക്ക് നൽകുന്നതെന്നും ഈ ട്രസ്റ്റിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകണമെങ്കിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതാത് സ്ഥാപനത്തിലെ രോഗികൾക്ക് മരുന്ന് വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് നൽകുകയോ മരുന്ന് വാങ്ങി രോഗികൾക്ക് നൽകുകയോ ചെയ്യണമെന്നതാണ് ട്രസ്റ്റിന്റെ ആവശ്യം. ഇതിനുസാധിക്കില്ലെങ്കിൽ മരുന്ന് വാങ്ങി ട്രസ്റ്റിനെ ഏല്പിച്ചാൽ മതിയാകുമെന്നും വെളിപ്പെടുത്തി.

പാലക്കാട് ജില്ലയിലെ ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാർഗ്ഗ ദീപ്തി ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ സൗജന്യ മനോരോഗ ചികിത്സാ പദ്ധതി വളരെ നല്ല രീതിയിൽ നടത്തുന്നുണ്ടെന്നും നല്ല രീതിയിലുള്ള സന്നദ്ധ പ്രവർത്തനമാണ് എന്നും അറിയുവാൻ കഴിഞ്ഞു.

ഇപ്പോൾ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റിന്റെ 10% തുക മരുന്നുവാങ്ങി പി.എച്ച്.സി. വഴി നൽകാമെന്ന ഉത്തരവ് നിലവിലുണ്ട്. ഇപ്രകാരം പി.എച്ച്.സി. വഴി വിനിയോഗിക്കുന്ന തുകയിൽ ഉൾപ്പെടുത്തിയോ, തനത് ഫണ്ട് ഉപയോഗിച്ചോ മാർഗ്ഗ ദീപ്തി ചാരിറ്റബിൾ ട്രസ്റ്റ് മുൻകൈ എടുത്ത് നടത്തുന്ന സൗജന്യ മനോരോഗ ചികിത്സാ പദ്ധതിയിൽ ചികിത്സയ്ക്കായി എത്തുന്ന മനോരോഗികൾക്ക് മരുന്നുവാങ്ങി പി.എച്ച്.സി. വഴി നൽകാൻ പാലക്കാട് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകാവുന്നതാണ്.

*****